032:3N06:11 F3 KATHERINE CHAKRAPANI V

032:3N06:11
F3

032:3N06:11 F3
CHKRAPANI VARIER
(K.R.).
..therine.
..7

MUL
041947

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number O32:3Nob:11 F3

Accession Number 41947

Available for loan from

This book should be returned on or before the date last marked below.

15 MAR 1955

1 JUN 1962

C. 61

കാതറൈൻ.

(ഒരു യഥാൎത്ഥചരിത്രകഥ)

ഗ്രന്ഥകൎത്താവ്:

കെ. ആർ. ചക്രപാണിവാരിയര്.

പ്രസാധകൻ:

കെ. ശങ്കരൻമൂസ്സത്,

ജ്ഞാനസാഗരം പുസ്തകശാല ഉടമസ്ഥൻ,

തൃശ്ശിവപേരൂർ.

1098.

വിദ്യാവിനോദിനി അച്ചുക്കൂടം, തൃശ്ശിവപേരൂർ.

(പകൎപ്പവകാശം പ്രസാധകനുള്ളതാകുന്നു)

rice 0—8—0] [വില 0—8—

41947
032 3 N06:1
F3

മുഖവുര

നല്ല ഗ്രന്ഥങ്ങൾക്ക് അന്യനായ ഒരാളുടെ മുഖവുര ആവശ്യമില്ലെന്ന് അഭിപ്രായക്കാരനും സ്വന്തം പുസ്തകങ്ങൾക്കല്ലാതെ ഇതേവരെ മുഖവുര എഴുതിട്ടില്ലാത്തവനുമായ ഞാൻ, യശോമാത്രനായ ഈ ഗ്രന്ഥകർത്താവിനെ ഓർത്തും, പ്രസാധകനായ മിസ്റ്റർ മൂസ്സിൻെറ തൃപ്തിക്കുവേണ്ടിയും ആണ് ഈ മുഖവുര എഴുതുന്നത്. പരേതനായ ഗ്രന്ഥകാരൻ എഴുതിയ ഈ കഥ മംഗളോദയം മാസികയിൽ പ്രസിദ്ധം ചെയ്തുകണ്ടപ്പോൾതന്നേ, ഇത് ഒരു പുസ്തകമാക്കി പ്രസിദ്ധംചെയ്തു അധികം പ്രചാരത്തിൽ വരുത്തേണ്ടതാണെന്ന് എനിക്കു തോന്നിട്ടുണ്ട്. യൂറോപ്പു ചരിത്രത്തിൽ എത്രയും പ്രധാനമായൊന്നാണ് കാതറൈൻ രാജ്ഞിയുടെ ജീവചരിത്രം. അതിൽ ഏററവും പ്രധാനമായ ഒരു ഭാഗമാണ് ഈ കഥ. ചരിത്രപ്രാധാന്യം സിദ്ധിച്ച ചില സംഭവങ്ങൾ കഥാരൂപേണ സന്മാർഗ്ഗോപദേശങ്ങൾ ചെയ്യാനുപകരിക്കത്തക്കവിധം നല്ലമലയാളത്തിൽ എഴുതിയിരിക്കയാൽ വിദ്യാർത്ഥികൾക്കും ഈ പുസ്തകം വളരെ ഉപയോഗമായിത്തീരുമെന്നു പറയേണ്ടതില്ലല്ലോ. ഗ്രന്ഥകാരനെപ്പററിയും ഈ കഥയുടെ പ്രസിദ്ധീകരണത്തെപ്പററിയും മംഗളോദയം പത്രാധിപർ ഇപ്രകാരം പ്രസ്താവിച്ചു കാണുന്നുണ്ട്.

"സാവിത്രി, അജൻ, നളചരിതം മുതലായ ചെറുകാവ്യങ്ങൾ എഴുതി മാന്യന്മാരായ പല മഹാകവികളു

ടേയും പ്രീതിക്കു പാത്രിഭവിച്ച ശ്രീമാൻ കെ. ആർ. ചക്രപാണിവാരിയരാണ്ട് ഈ ചെറുകഥയുടെ കൎത്താവ്. ഇദ്ദേഹം ഇക്കഴിഞ്ഞ 1094 ചിങ്ങം 23-ാംനു തന്റെ 21-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു."

അകാലമരണത്താൽ മലയാളഭാഷയ്ക്കു വലിയ ഒരു നഷ്ടം ഉണ്ടാക്കിത്തീൎത്ത മിസ്റ്റർ വാരിയരുടെ ഈ കൃതിക്കു മലയാളപുസ്തകങ്ങളുടെ കൂട്ടത്തിൽ നല്ല ഒരു സ്ഥാനം കിട്ടുമെന്നു ഞാൻ വിശ്വസിക്കുകയും ഈ പുസ്തകത്തെ ഇപ്പോഴെങ്കിലും പുറത്തിറക്കുവാൻ സാധിപ്പിച്ച പ്രസാധകനെ അഭിനന്ദിക്കുകയും ചെയ്യുന്നു.

തൃക്കുളിവപെരുര്
21-4-'98.

സി. കുഞ്ഞിരാമമേനോൻ.

UNIVERSITY LIBRARY
1 NOV 1937
MADRAS

കാതറൈൻ

ഒന്നാം അദ്ധ്യായം.

സന്ധ്യ കഴിയാറായി. അസ്തമയസൂൎയ്യന്റെ കിരണങ്ങളാൽ പശ്ചിമാംബരത്തിൽ ചേൎക്കപ്പെട്ടിരുന്ന അരുണവൎണ്ണം നിശ്ശേഷം മാഞ്ഞു. മൂടൽ മഞ്ഞുകൊണ്ട് ആകാശം മിക്കവാറും മറഞ്ഞിരുന്നതുകൂടാതെ മുകളിൽനിന്നു ഹിമശകലങ്ങൾ നിരന്തരമായി പൊഴിഞ്ഞുകൊണ്ടുമിരുന്നു. നഭോമാൎഗ്ഗത്തിൽ സ്വൈരസഞ്ചാരം ചെയ്തുകൊണ്ടിരുന്ന മേഘപടലങ്ങളുടെ ഇടകളിൽകൂടി ഇടസ്ഥിടസ്ഥ് എത്തിനോക്കിക്കൊണ്ടിരുന്ന കലാചന്ദ്രന്റെ കരങ്ങൾക്കു ഗാഢമായ അന്ധകാരത്തെ അല്പമെങ്കിലും തിരസ്കരിക്കുവാൻ കഴിഞ്ഞില്ല.

മാറിൻബൎഗ്ഗനഗരത്തിലെ പാതിരിയായ സ്കാറൻസ്കീ കുറച്ചു ദൂരെ ഒരു ഗൃഹത്തിൽ താമസിച്ചിരുന്ന തന്റെ സഹോദരിയെ കാണ്മാൻ പോയി തിരികെ വരുംവഴിക്കു നഗരപരിസരത്തിലുള്ള വനത്തിന്റെ അതിൎത്തിയിൽ ചെന്നുചേൎന്നു. പെട്ടെന്ന് അയാൾക്ക് ഒരു ശിശുവിന്റെ കരച്ചിൽ കേട്ടതുപോലെ തോന്നി. അയാൾ കുതിരയെ നിറുത്തി. എന്നാൽ മരക്കൊമ്പുകളുടെ ഉലച്ചിലോടിടകലൎന്നു ശക്തിയോടെ അടിച്ചുകൊണ്ടിരുന്ന കൊടുങ്കാററിന്റെ ഭയങ്കരമായ മുഴക്കം നിമിത്തം പി

ന്നിട്ട വേറൊരു ശബ്ദവും കേൾക്കാതെയിരുന്നതിനാൽ അതൊരു മിഥ്യാഭ്രമമായിരിക്കാമെന്നു കരുതി അയാൾ യാത്ര തുടൎന്നു. നാലഞ്ചു വാരയോളം നടന്നശേഷം കുതിര തന്നിയെ നിന്നു. പാതിരി എത്രതന്നെ ശ്രമിച്ചിട്ടും അതൊരടിപോലും മുന്നോട്ടു പോയില്ല. സഞ്ചാരത്തിനു തടസ്ഥമായി വല്ലതും വഴിയിൽ കിടപ്പുണ്ടായിരിക്കണമെന്നൂഹിച്ച് അയാൾ താഴെയിറങ്ങി ആ ജന്തുവിനെ നടത്തുവാൻ ശ്രമിച്ചു. പക്ഷേ അയാളുടെ ഉദ്യമം വിഫലമായതേയുള്ളു. റോഡിൽ സൂക്ഷിച്ചു നോക്കിയപ്പോൾ മഞ്ഞിൻെറ ഇടയിൽ എന്തോ ഒരു വസ്തു കിടപ്പുണ്ടെന്നു തോന്നുകയാൽ പുരോഹിതൻ താഴെ കൈകൊണ്ടു തപ്പിനോക്കി. അതു തണുപ്പുകൊണ്ടു മിക്കവാറും മരവിച്ചു മൃതപ്രായമായ ഒരു കുഞ്ഞാണെന്നു കണ്ടു വേഗം കയ്യിലെടുത്തു. പട്ടുകൊണ്ടു ദേഹം നല്ലപോലെ മൂടിയിട്ടുണ്ടായിരുന്നതിനാൽ അതു മരിച്ചിരുന്നില്ല. ആ ശിശുവിൻെറ കരച്ചിലാണ് മുമ്പു തൻെറ ശ്രദ്ധയെ ആകൎഷിച്ചതെന്ന് അയാൾ തീൎച്ചപ്പെടുത്തി. ദാരിദ്ര്യംകൊണ്ടൊ മററുവല്ല കാരണത്താലോ അതിനെ നിൎജ്ജനസ്ഥലത്തിൽ ഉപേക്ഷിച്ച ആൾ ആരെന്നറിവാനുള്ള ഉൽക്കണ്ഠയോടുകൂടി ഗുണവാനായ പാതിരി ചുററുമുള്ള സ്ഥലങ്ങളിൽ അന്വേഷിച്ചു. എന്നിട്ടും ഒരു ജീവിയെയെങ്കിലും കാണുകയൊ ഒരു മനുഷ്യശബ്ദമെങ്കിലും കേൾക്കുകയൊ ചെയ്തില്ല. ഒടുവിൽ അയാൾ ഇപ്രകാരം വിചാരിച്ചു: ഈ കുട്ടിയെ ഇവിടെ അനാഥസ്ഥിതിയിൽ ഉപേക്ഷിച്ചത് ആരുതന്നെയായാലും ഇതിനെ എടുത്തു രക്ഷിക്കേണ്ടത് എൻെറ ചുമതലയാണ്. പ്രാണരക്ഷണത്തോളം ഉത്തമമായി വേ

റെ യാതൊരു കൃത്യവുമില്ല. ഞാൻ അസാമാന്യമായി സ്നേഹിച്ചിരുന്ന എൻെറ ഭാൎയ്യ മരിച്ചിട്ട് ഇപ്പോൾ പതിനഞ്ചു കൊല്ലമായിരിക്കുന്നു. അതിൽ എനിക്കു സന്താനവും ഇല്ല. ഇപ്പോൾ ഈശ്വരാനുഗ്രഹംകൊണ്ടു കിട്ടിയ ഈ നിധി ഇനി എൻെറ ഏകസന്തതിയായിരിക്കട്ടെ.

കുട്ടിയെ ആച്ഛാദനം ചെയ്തിരുന്ന പട്ടു മഞ്ഞുകൊണ്ടു നനഞ്ഞിരുന്നതിനാൽ അയാൾ അതഴിച്ചെടുത്തു കാലുറയുടെ കീശയിൽത്തിരുകി പകരം അതിനെ തൻെറ മേലുടുപ്പുകൊണ്ടു പുതപ്പിച്ചു കുതിരപ്പുറത്തു തൻെറ മുമ്പിൽ വെച്ചശേഷം വേഗത്തിലോടിച്ച് അധികം താമസിക്കാതെ പാതിരി വീട്ടിലെത്തി. വീടു വലിയ മോടിയിലുള്ളതല്ലായിരുന്നു എങ്കിലും വളരെ ഭംഗിയും വൃത്തിയുമുള്ളതായിരുന്നു. മുൻവശത്തു തെക്കുവടക്കായി ഒരു ചെറിയ പൂമുഖവും അതിൻെറ അകവശത്തുനിന്നു കിഴക്കുപടിഞ്ഞാറായുള്ള ഒരു ഇടുങ്ങിയ ഇടനാഴിയുടെ ഇരുവശങ്ങളിലുമായി നാലു മുറികളും മാത്രമടങ്ങിയ ആ ഭവനം വളരെ പഴക്കം ചെന്നതാണെന്നു പ്രഥമദൃഷ്ടിയിൽത്തന്നെ ആൎക്കും അനുമാനിക്കാം. വീട്ടിൻെറ മുൻഭാഗത്ത് അഗ്നികോണിലോട്ടു മാറി ഒരു ചെറിയ കുടിലുണ്ടായിരുന്നത് ഇപ്പോൾ കുതിരയെ കെട്ടുവാനായി ഉപയോഗപ്പെട്ടിരുന്നു. ഏകദേശം പത്തുകൊല്ലം മുമ്പു പാതിരി ആ ഗൃഹം വിലയ്ക്കു വാങ്ങിയപ്പോൾ അതിൻെറ ചുമരുകളെല്ലാം ജീൎണ്ണിച്ചും മേൽപ്പുര പകുതിയിലധികം പൊളിഞ്ഞും ഇരുന്നിരുന്നു. പിന്നീടു സ്വപ്രയത്നംകൊണ്ടും പരസഹായംകൊണ്ടും കുറച്ചു പണം ശേഖരിച്ചു സ്ലോറൻസ്കി, അവയെ നന്നാക്കുകയും ശുദ്ധവായു പ്രവേശിക്കുന്നതിനുതകാത്ത

വിധത്തിൽ അത്ര ചെറുതായിരുന്ന ജനാലുകളെ വലുതാക്കുകയും വേറേയും ഒന്നുരണ്ടു വാതിലുകളെ വയ്ക്കുകയും ചെയ്തതോടുകൂടി ആ വീട് ആൾപ്പാർപ്പിനുപയുക്തമായിത്തീന്നു. മുറികളിലൊന്ന് ഈശ്വരാരാധനയ്ക്കും വേറൊന്ന് അടുക്കളെയ്ക്കും ഉപയോഗിക്കപ്പെട്ടുവന്നു. മററരണ്ടും പാതിരിക്കും, പരിചാരികയ്ക്കും പ്രത്യേകം കിടക്കുവാനുള്ള മുറികളായിരുന്നു. പുരോഹിതൻെറ മുറിയിൽ, കട്ടിലിന്നു പുറമെ ഒരു കസേരയും ഒരു പൊളിഞ്ഞ മേശയും ഒരു അലമാരിയുമുണ്ടായിരുന്നു. പള്ളിയിൽ ജോലിയില്ലാത്ത സമയങ്ങളിലെല്ലാം അയാൾ അവിടെയാണ് ഇരിക്കുക പതിവ്. പ്രസന്നമെങ്കിലും മനോരാജ്യസൂചകമായ പാതിരിയുടെ മുഖം കാണുമ്പോൾത്തന്നെ ദ്രഷ്ടാവിന് അയാളൊരു പുസ്തകപാരായണക്കാരനാണെന്ന് ഉണ്ടാകാവുന്ന ഊഹത്തിന്നു കിടപ്പുമുറിയിൽ അലമാരിയിലും മേശപ്പുറത്തും നിരത്തിവെച്ചിരുന്ന പഴയ പുസ്തകങ്ങൾ തക്കതായ തെളിവുകളായിരുന്നു.

സ്കാറൻസ്കി കുതിരപ്പുറത്തുനിന്ന് ഇറങ്ങിയപ്പോൾ, ഒരു കിഴവി 'അയ്യോ യജമാനനെന്താണിത്രവളരെ താമസിച്ചത്. ഞാൻ വല്ലാതെ അന്ധാളിച്ചുപോയി' എന്നു പറഞ്ഞുംകൊണ്ട് അടുത്തുചെന്നു.

പാതിരി:—'പ്രധറിക്കേ! ഈ കുഞ്ഞിനെ അങ്ങോട്ടു വാങ്ങു' എന്നു പറഞ്ഞ് ആ കുഞ്ഞിനെ അവളുടെ കയ്യിൽ കൊടുത്തു. വിചാരിച്ചിരിക്കാതെ ആ കുഞ്ഞിനെ കണ്ടപ്പോളുണ്ടായ വിസ്മയവും സന്തോഷവുംകൊണ്ട് അവൾ കുറച്ചുനേരം മിണ്ടാതെ നിന്നുപോയി. പിന്നീടു കുളത്തിൽ കെട്ടിനില്ക്കുന്ന വെള്ളം മടപൊട്ടി കരകവി

ഞ്ഞൊഴുകുന്നതുപോലെ പരിചാരികയുടെ വാക്കുകഠം നിൎഗ്ഗളമായി പ്രവഹിച്ചു. 'ഒരു കുഞ്ഞോ യജമാനനേ. അയ്യോ എവിടെനിന്നു കിട്ടി. ഇതാരുടെ കുട്ടിയാണ്! ഇതിനെ എന്തിനാണു യജമാനൻ ഇവിടെ കൊണ്ടുവന്നത്. ഇതിനെ ഇവിടെ വളൎത്താനാരുണ്ട്?' നിതന്നെ എന്നു പുരോഹിതൻ പറഞ്ഞു നിറുത്തുന്നതിന്നുമുമ്പു വൃദ്ധ തുടൎന്നു: 'എന്തു കൌതുകമുള്ള ഒരു പെൺകുട്ടിയാണ്. ഇതിന് ഒരു വയസ്സുതന്നെയായിട്ടില്ലെന്നു തോന്നുന്നു. കണ്ടോ യജമാനനെ, ഇവഠം കണ്ണുതുറന്നു ചുററും നോക്കുന്നത് എന്താശ്ചൎയ്യത്തോടുകൂടിയാണ്. നമ്മളെ മുമ്പു കണ്ടിട്ടില്ലാത്തതുകൊണ്ടായിരിക്കാം.' പാതിരി ഇതുകേട്ടു ചിരിച്ചു വീട്ടിനകത്തേക്കു പോയി. ആഹാരം കഴിച്ചശേഷം അയാഠം പ്രഡറിക്കയോടു ശിശുവിനെക്കണ്ടുകിട്ടിയ കാൎയ്യം വിസ്തരിച്ചു പറഞ്ഞുകേഠപ്പിച്ചു. കേട്ടുകഴിഞ്ഞപ്പോഠം,

പ്രഡറിക്ക:—എന്തതിശയം, യജമാനനെന്തെല്ലാം ചെയ്തിട്ടും കുതിര മുമ്പോട്ടു പോയില്ല ഇല്ലേ?

സ്റ്റാറൻസ്റ്റി:—അതിലതിശയിക്കുവാനൊന്നുമില്ല. കുതിരകഠം നല്ല അറിവുള്ള ജന്തുക്കളാണ്. അവ ഓടുന്ന വഴിക്കു വല്ലവരും നിന്നിരുന്നാൽ അവരെ തള്ളിയിടുമെന്നല്ലാതെ വഴിയിൽ കിടക്കുന്ന ഒരു ജീവിയേയോ ശവത്തേയോ ഒരിക്കലും കടന്നുപോകയില്ല.

പരിചാരിക:—അതുപോട്ടെ യജമാനനേ! ഇവഠം കിടന്നിരുന്നതിനടുത്തു വേറെ ആരും ഇല്ലായിരുന്നുവോ?

പാതിരി:—ഇല്ലായിരുന്നു എന്നു മുമ്പു പറഞ്ഞില്ലേ. ഞാൻ അവിടെനിന്നു വിളിച്ചിട്ടും ആരേയും കണ്ടില്ല.

പരിചാരിക:—ഇതാരുടെ കുഞ്ഞാണെന്നറിവാൻ ഒരു നിവൃത്തിയും ഇല്ലല്ലോ.

സ്കാറൻസ്കി:—(ഉടുപ്പുകീശയിൽനിന്നു പട്ടെടുത്തു വിളക്കത്തു പരിശോധിച്ചശേഷം) ഇതാ ഇതിൽ രണ്ടക്ഷരം കാണ്മാനുണ്ട്. നല്ലപോലെ തെളിഞ്ഞിട്ടില്ല. ഏ. എം. എന്നാണെന്നു തോന്നുന്നു.

പ്രധരിക്ക:—അതുകൊണ്ടെന്തു പ്രയോജനമാണ്. ആകട്ടെ ഇതിനെന്താണൊരു പേരിടേണ്ടത്?

പുരോഹിതൻ (കുറച്ചുനേരം ആലോചിച്ചിട്ടു) 'കാതറൈൻ എന്നാകട്ടെ.' അനന്തരം പരിചാരിക കാതറയിനെ, അവളുടെ മുറിയിൽ കൊണ്ടുപോയി ഓമനിച്ചുറക്കി. വൃദ്ധന്മാൎക്കു ഗാഢനിദ്ര കുറവാണെങ്കിലും, താനൊരു നല്ല കൃത്യംചെയ്തു എന്ന ബോധം നിമിത്തം, സ്കാറൻസ്കിയും അന്നു നല്ലപോലെയുറങ്ങി. സന്ധ്യയ്ക്കുണ്ടായ സംഭവങ്ങളെല്ലാം അല്പവ്യത്യാസങ്ങളോടുകൂടി വീണ്ടും അയാളുടെ മുമ്പിൽ അഭിനയിക്കപ്പെട്ടു. നേരം വെളുത്തപ്പോഴേക്കു തങ്ങളുടെ പാതിരിക്ക് ഒരു ശിശുവിനെ മഞ്ഞിൽകിടന്നു കിട്ടിയെന്നും, അതിനെ അയാൾ ദത്തുപുത്രിയായി സ്വീകരിച്ചിരിക്കുന്നു എന്നുമുള്ള വാൎത്ത മാറിൻബർഗ്ഗു നിവാസികളുടെ ഇടയിൽ പരന്നുകഴിഞ്ഞു. അന്നുതന്നെ പത്തുമണിയോടുകൂടി കുഞ്ഞിനെക്കണ്ടുകിട്ടിയ സ്ഥലത്തിനടുത്തുള്ള ഒരു തോട്ടിൽ, ഒരു ശവശരീരം ഒഴുകിനടക്കുന്നതായിക്കേട്ടു. തന്റെ കളഞ്ഞുകിട്ടിയ തങ്കത്തിന്റെ ബന്ധുക്കളെപ്പററി വല്ലതും അറിവാൻ വഴിയുണ്ടെന്നു നിശ്ചയിച്ചു പുരോഹിതൻ അവിടെ എത്തി. അപ്പോഴേക്ക് അധികൃതന്മാർ അദ്ദേഹത്തെ കരയ്ക്കു വലിച്ചിട്ടു പരിശോ

ധന നടത്തിക്കഴിഞ്ഞിരുന്നു. അയാൾ ആരാണെന്നുള്ള തിന്നു അതുകൊണ്ടു ഒരു തുമ്പും കിട്ടിയില്ല. അയാളുടെ ഉടുപ്പുകീശയിൽ ഉണ്ടായിരുന്ന ഒരു എഴുത്തു പരിശോധ കന്മാർ കൊണ്ടുപോയിട്ടുള്ളതായി പാതിരി മനസ്സിലാ ക്കി. അതു വാങ്ങിക്കുന്നതിന്നു എഴുത്തുസഹിതം ഒരാളെ അയച്ചിട്ടു അയാൾ മൃതശരീരത്തിന്നടുത്തുചെന്നു. ശവ ത്തെ മറച്ചിരുന്ന ഉടുപ്പുകളിൽനിന്നു മരിച്ച ആൾ ഒരു ഭ ടനാണെന്നു പാതിരി തീരുമാനിച്ചു. മരിച്ചിട്ടു അധികം നേരം ആയിട്ടില്ലാഞ്ഞതിനാൽ ദേഹത്തിന്നു പറയത്തക്ക ദുർഗ്ഗന്ധം ഉണ്ടായിരുന്നില്ല. തലമുടി ഒന്നുപോലും നരച്ചി ട്ടില്ല. വയസ്സു ഉദ്ദേശം 50_ഓളം കാണും. മരണവേദന കൊണ്ടുണ്ടായിട്ടുള്ള വൈരൂപ്യം മുഖത്തെ ബാധിച്ചിരുന്നു എങ്കിലും അതിൽ സൌന്ദൎയ്യത്തിൻെറ അവശിഷ്ടങ്ങൾ അല്പാല്പമായി പ്രകാശിച്ചിരുന്നു. ഇടത്തുവശത്തു ഹൃദയ ത്തിന്നു കുറച്ചുതാഴെ വെടികൊണ്ടുണ്ടായ ഭയങ്കരമായ ഒരു മുറിവിൽനിന്നു മരണസമയംവരെ നിരന്തരമായൊഴുകി ക്കൊണ്ടിരുന്ന രക്തത്താൽ ഉടുപ്പിൻെറ പലഭാഗങ്ങളും നിറംമാറിക്കാണപ്പെട്ടു. ഷർട്ടിൻെറ ഒരററത്തു രണ്ടക്ഷരം കാണുകയാൽ പുരോഹിതൻ സോൽകണ്ഠം സൂക്ഷിച്ചു നോക്കി. അവ എ. എം. എന്നാണെന്നു കണ്ടപ്പോൾ അ യാൾക്കുണ്ടായ വിസ്മയം കേവലം അവൎണ്ണനീയം തന്നെ ആ ഭടൻ കാതറയിൻെറ ഒരു ബന്ധുവാണെന്നും കുട്ടിയെ വഴിയിൽ കിടത്തിയ ആൾ അയാളാണെന്നും സ്ലാറൻ സ്കിക്കു ബോദ്ധ്യപ്പെട്ടതോടുകൂടി അയാൾക്കു അത്ര ഭയങ്ക രമായ മരണം സംഭവിച്ചതോൎത്തു അനിൎവ്വാച്യമായ വ്യ സനവും പാതിരിക്കുണ്ടായി. അരമണിക്കൂറോളം കഴിഞ്ഞ:

പ്പോൾ പരിശോധകന്മാരുടെ കയ്യിൽനിന്ന് എഴുത്തു വാങ്ങിക്കുവാൻ പോയ ആൾ എഴുത്തുംകൊണ്ടു തിരികെ വന്നു. അതിൽ വാത്സല്യഭാജനങ്ങളായ ഇരട്ടപെററ രണ്ടു കുട്ടികളെപ്പററി എന്തോ അവ്യക്തമായി പ്രസ്താവിച്ചിരുന്നു. ശിഷ്ടമുള്ള ഭാഗം നനഞ്ഞു കീറിപ്പോയിരുന്നു. എന്തായാലും അതുകൊണ്ടു മേൽ പ്രയോജനമുണ്ടായേക്കുമെന്നു കരുതി അയാൾ അതു സൂക്ഷിച്ചു. കുട്ടിയെ വഴിയിൽക്കിടത്തിയശേഷം മുറിവു തേച്ചുകഴുകാനായി ഭടൻ നദിയിൽ പ്പോകയും ക്ഷീണം നിമിത്തം കാൽ വഴുതി അതിൽ വീണുപോകയും ചെയ്തതാണെന്നായിരുന്നു മാന്യനായ പാതിരിയുടെ ഉദ്ദേശം.

സ്കാറൻസ്കി ഭടൻെറ ദേഹം വേണ്ടതുപോലെ മറവു ചെയ്യിച്ചു. കാതറയിനും മൃതനായ ഭടനും തമ്മിൽ എത്ര മാത്രം ബന്ധമുണ്ടെന്നു ക്ലിപ്തപ്പെടുത്തുവാൻ കഴിഞ്ഞില്ലെങ്കിലും ആറുമാസത്തിലധികം പ്രായമായിട്ടില്ലാത്ത കുട്ടിയെ അതിൻെറ പിതാവല്ലാതെ വേറെയാരും കൊണ്ടുനടക്കുന്നതിനു ഇടയില്ലാത്തതിനാലും ഭടനു സന്താനമുള്ളതായി എഴുത്തിൽനിന്നു തെളിഞ്ഞതിനാലും അയാൾ ആ കുമാരിയുടെ പിതാവായിരിക്കണമെന്നു പുരോഹിതൻ തീർച്ചപ്പെടുത്തി. ഒരു പിതാവിനു തൻെറ കുട്ടിയോടു എത്ര ആർദ്രതയും വാത്സല്യവുമുണ്ടാകാമോ അത്രയും സ്നേഹത്തോടും ദയയോടും കൂടിയാണ് ആ വൃദ്ധൻ കാതറയിനെ വളത്തിയത്. അല്പകാലംകൊണ്ട് അവളുടെ സൌശീല്യം പാതിരിക്ക് അനുഭവപ്പെട്ടുതുടങ്ങി. കുട്ടിയുടെ സ്വഭാവമാധുര്യവും പഠിത്തത്തിലുള്ള ജാഗ്രതയും കണ്ട് സന്തുഷ്ടനായ സ്കാറൻസ്കിയുടെ മനസ്സിൽനിന്ന് ക്രമേണ ആ ശിശു

വിൻെറ മാതാപിതാക്കന്മാരെപ്പററി തനിക്കു യാതൊരറിവുമില്ലല്ലൊ എന്നുള്ള വിചാരം നീങ്ങി. കൊല്ലങ്ങൾ ഓരോന്നായിക്കഴിഞ്ഞതോടുകൂടി കാതറയിൻ വളൎന്നു സാമാന്യം പൊക്കവും അതിസൌന്ദൎയ്യവും ഉള്ള ഒരു പെൺകിടാവായിത്തീൎന്നു. മനോഹരമായ വിധത്തിൽ നീണ്ടു നീലനിറത്തിലുള്ള അവളുടെ പക്ഷ്മളങ്ങളായ നയനങ്ങൾ അപരിചിതന്മാൎക്കുപോലും അവളുടെ പേരിൽ ഒരു പ്രത്യേകകൌതുകം തോന്നത്തക്കവണ്ണം ഉജ്ജ്വലങ്ങളായിരുന്നു. നാതിദീൎഘവും നാതിഹ്രസ്വവുമായ നാസിക അവളുടെ മുഖകാന്തിയെ അന്യാദൃശമായവിധത്തിൽ വൎദ്ധിപ്പിച്ചു. അകൃത്രിമമായ രക്തവൎണ്ണം കലൎന്നു സദാപി മന്ദഹാസമധുരങ്ങളായ അധരോഷ്ഠങ്ങളും മാംസളങ്ങളായ കവിൾത്തടങ്ങളും ഇത്രമാത്രം മുഖത്തിനു യോജിച്ചു വേറൊരു പെൺകുട്ടിയിൽ കാണ്മാൻ പ്രയാസം. അവളുടെ സുന്ദരമായ മുഖത്തിൽ നിഷ്കളങ്കമായ ഒരു മനസ്സിൻെറ അവ്യാജമായ പ്രതിബിംബംകൂടി പ്രതിഫലിച്ചു് കാണ്മാനുണ്ടെന്നു പറഞ്ഞാൽ അവളുടെ ഗുണങ്ങളെ പ്രത്യേകം വൎണ്ണിക്കാതെതന്നെ അവളുടെ ആകപ്പാടെയുള്ള ഒരു സ്വരൂപം വായനക്കാൎക്കു് ധ്യാനിക്കുവാൻ കഴിയുമെന്നു വിശ്വസിക്കുന്നു. പാതിരിക്കും പരിചാരികക്കും എന്നുവേണ്ട മാറിൻബൎഗ്ഗിലുള്ള സകല ജനങ്ങൾക്കും കാതറയിൻ വാത്സല്യഭാജനമായിരുന്നു. വീട്ടുജോലികൾ തൻെറ ശക്തിപോലെ ചെയ്തു പകൽ സമയം ഫ്റഡറിക്കയെ സഹായിച്ചതിനു പുറമെ രാത്രിതോറും അവൾ മധുരസ്വരത്തിൽ പാട്ടുപാടി തൻെറ വൃദ്ധപിതാവിനെ ആനന്ദിപ്പിച്ചു. അതുവരെ ആ കന്യകയുടെ നിൎമ്മലമായ മനസ്സുടാകത്തിലെ

വിഷജലത്തെ കലക്കിമറിക്കുവാൻ ആപത്തുകളായ കൊടുംകാററുകഠം അധികം ഉണ്ടായില്ല. രണ്ടോ മൂന്നോ തവണ പാതിരി സുകക്കേടു നിമിത്തം കിടപ്പിൽ ആയിരുന്നപ്പോഠം ആ ചെറിയ കുട്ടി വ്യസനം സഹിക്കവഹിയാതെ അച്ഛൻെറ രക്ഷയ്ക്കായി ദൈവത്തോടു പ്രാത്ഥിച്ചു. ഈ അവസരങ്ങളിൽ തൻെറ അന്യാദൃശമായ ബുദ്ധിവൈഭവത്താലും ഫ്റഡറിക്കയുടെ സാരമായ ഉപദേശത്താലും രോഗികളുടെ ശുശ്രൂഷയിൽ സാധാരണയായി പ്രായമായവരിൽപ്പോലും കാണാത്തവിധത്തിലുള്ള നൈപുണ്യം അവഠം സമ്പാദിച്ചു.

കാതറയിനു വയസ്സ് പതിമൂന്നു കഴിഞ്ഞു. ഒരു ദിവസം രാവിലെ സ്കാറൻസ്കി അപ്പോഠം കിട്ടിയ ചില ത്തുകഠം വായിച്ചുനോക്കിയശേഷം ചിന്താമഗ്നനായി വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. അയാളുടെ മുഖഭാവം ഉള്ളിൽ തിരതല്ലിക്കൊണ്ടിരുന്ന വ്യസനഭാരത്തിൻെറ ഒരു പ്രതിബിംബംപോലെ തോന്നി. വേഗം കാതറയിനെ അടുക്കൽ വിളിച്ച് അയാഠം ഇങ്ങിനെ പറഞ്ഞു; 'കുഞ്ഞേ, എൻെറ സഹോദരി അലക്സിനക്കു വയസ്സായിരിക്കയാണ്. അവഠംക്കു കൂടെക്കൂടെ സുഖക്കേടുകളും വരാറുണ്ട്. അതുകൊണ്ട് എൻെറ മകഠം ഇനി കുറച്ചുദിവസം ലിവോണിയയിൽ പോയി അവളുടെ കൂടെ താമസിക്കണം. ഇവിടെ എൻെറ ശുശ്രൂഷക്ക് ഫ്റഡറിക്കയുണ്ടല്ലോ.'

'അച്ഛൻ അങ്ങിനെ പറയുകയാണെങ്കിൽ ഞാൻ പോകാം. അച്ഛൻെറ ഉടപ്പിറന്നവഠം ആണല്ലോ അലക്സിന. അതുകൊണ്ട് അലക്സിനയെ എനിക്കും വലിയ

കാൎയ്യമാണ്. എന്നാലും അച്ഛൻെറ കൂടെ പാൎക്കുന്നതാണ് എനിക്കു ഒന്നുകൂടിയിഷ്ടമായിട്ടുള്ളത്.' കണ്ണിൽ നിന്നിററിററ വീഴുന്ന അശ്രുകണങ്ങളോടുകൂടി കുമാരി പറയുന്ന വാക്കു കേട്ടപ്പോൾ പാതിരിയും കരഞ്ഞു. പിന്നിട്ടു തൊണ്ടയിടറിക്കൊണ്ട് അയാൾ അവളെ സമാധാനിപ്പിച്ചു.

'എൻെറ കാതറയിൻ, അതുകൊണ്ടു വ്യസനിക്കണ്ട. കുറച്ചു ദിവസത്തിനകം ഞാൻ മകളെ കൂട്ടിക്കൊണ്ടുവരാം. പക്ഷേ ഞാൻ അവിടെ വന്നേ നീ ഇങ്ങോട്ടു പോരാവൂ. മനസ്സിലായോ, ഞാനില്ലാതെ വേറെയാരവിടെ വന്നാലും നീ തിരിച്ചേക്കരുത്.'

'ഇല്ല. അച്ഛൻ വന്നേ ഞാൻ അവിടെനിന്ന് ഇങ്ങോട്ടു പുറപ്പെടുകയുള്ളു' എന്നു പറഞ്ഞ് കാതറൈൻ അകത്തു പോയി ചെറുപ്പക്കാൎക്കു സഹജമായുള്ള ധൃതഗതിയോടുകൂടി യാത്രക്കു വേണ്ടതെല്ലാം ഒരുക്കിവെച്ചു. ഉച്ചതിരിഞ്ഞ് അവൾ ലിവോണിയയിലേക്കു പുറപ്പെട്ടു.

പാതിരി പണ്ട് അവളെക്കണ്ടുകിട്ടിയ സ്ഥലംവരെ അനുഗമിച്ചു. അന്നു അവിടെ നിറഞ്ഞിരുന്ന മഞ്ഞിൻെറ സ്ഥാനത്തിൽ, ഇപ്പോൾ വേനലായിരുന്നതിനാൽ ബൎമ്മപ്പുല്ലു ധാരാളം വളൎന്നുനിന്നിരുന്നു. കുമാരി അവിടെ തൻെറ കൈവശമുണ്ടായിരുന്ന ഭാണ്ഡം എറക്കി അച്ഛൻെറ കാൽക്കൽ വീണു നമസ്കരിച്ചുംകൊണ്ട് പറഞ്ഞു. 'പ്രിയപിതാവെ! എന്നെ അനുഗ്രഹിക്കണെ. 13 കൊല്ലങ്ങൾക്കു മുമ്പ് ഇവിടെവെച്ചല്ലെ എൻെറ അവകൃത്യമായ ദീനസ്വരം അച്ഛൻ ആദ്യമായിക്കേട്ടത്. അച്ഛൻെറ ക്ഷേമത്തിനായി ഞാൻ ചെയ്യുന്ന പ്രാൎത്ഥനകളെല്ലാം ദൈവം കേൾക്കുന്നുണ്ട്. ഈശ്വരൻെറ നിയോഗത്തെ

അന്നു അനുഷ്ഠിക്കയും അനാഥയായിരുന്ന എന്നെ വേണ്ട തുപോലെ രക്ഷിച്ചുവളൎത്തുകയും ചെയ്യതിന് അച്ഛന് അദ്ദേഹം നല്ലതു വരുത്താതെയിരിക്കയില്ല. അച്ഛനും അച്ഛൻെറ കൂടെയുള്ളവൎക്കും ദീൎഘായുസ്സും സൌഖ്യവും ഉണ്ടാകണമെന്നാണ് എൻെറ ഏകപ്രാൎത്ഥന.'

ആ വൃദ്ധൻെറ സങ്കടത്തിനു കണക്കില്ലായിരുന്നു. തൻെറ വിറച്ചുകൊണ്ടിരുന്ന രണ്ടു കൈകളും അവളുടെ ശിരസ്സിൽ വെച്ച് അയാൾ ഇപ്രകാരം വളരെ പ്രയാസപ്പെട്ട് ഉച്ചരിച്ചു. 'കുഞ്ഞേ! നീ സമാധാനമായിരിക്കു-നമ്മളെ രക്ഷിപ്പാൻ ദൈവമല്ലെയുള്ളത്. അദ്ദേഹം വരുത്തുന്നതെല്ലാം നമുക്ക് അനുഭവിക്കയേ നിവൃത്തിയുള്ളു. ഓരോ മനുഷ്യൎക്കും ഇന്നയിന്നവിധത്തിലാണ് അനുഭവമുണ്ടാകുവാൻ പോകുന്നതെന്നു മുൻകൂട്ടിയാൎക്കും തീൎച്ചപ്പെടുത്തുവാൻ സാധിക്കയില്ല. ഭാവിയിൽ എന്തെല്ലാമുണ്ടായാലും എൻെറ മകൾക്കു തരക്കേടൊന്നും വരികയില്ല-അലക്സിസ് നിനക്കു വേണ്ടസഹായം ചെയ്യും. എന്നാൽ ഇനി നീ പോകണം. നമുക്കു തമ്മിൽ മേൽക്കാണ്മാൻ ഇടവരരുതെന്നാണ് ഈശ്വരേച്ഛയെങ്കിൽ നിൻെറ പാവപ്പെട്ട പിതാവിൻെറ ഒടുവിലത്തെ വാക്കുകൾ നീ ഓൎമ്മയായി ധരിച്ചുകൊള്ളണം. നിൻെറ ബുദ്ധിയെപ്പരിഷ്കരിക്കുവാൻ മാത്രമുള്ള അറിവ് എനിക്കില്ല. അതുകൊണ്ട് മകളുടെ സ്വഭാവം നന്നാക്കുന്നതിന്നേ എനിക്കു കഴിഞ്ഞുള്ളു. സൽസ്വഭാവവും അനുസരണവും നിനക്കു എന്നുമുണ്ടായിരിക്കണം. അഹങ്കാരം പാടില്ല. ദൈവം പ്രസാദിച്ചു ഭാവിയിൽ അപ്രതീക്ഷിതമായ ഐശ്വൎയ്യം നിനക്കുണ്ടാകുന്നപക്ഷം അന്നും വിനയത്തിന് കുറവുവരരുത്. ഓ

രു കാലത്ത് നി മൃതപ്രായമായ ഒരു അനാഥശിശുവായിരുന്നുവെന്നുള്ള ഓൎമ്മ ഒരിക്കലും നിൻെറ മനസ്സിൽനിന്നു പോകരുത്. നല്ലതേ ചെയ്യാവൂ. സത്യമേ പറയാവൂ. കൃത്യാനുഷ്ഠാനത്തിൽ നല്ല നിഷ്കൎഷ വേണം. എന്തെല്ലാം തടസ്ഥങ്ങൾ ഉണ്ടായാലും ഇതിനു ഭംഗം വരുത്തരുത്. നേരം വൈകുന്നു. എൻെറ മകൾ പോയി വരു.'

സാരമായ ഈ ഉപദേശത്തിനുശേഷം സ്റ്റാറൻസ്കി കാതറയിനെ പിടിച്ചു എഴുന്നേല്പിച്ചു അവളുടെ മൂൎദ്ധാവിൽ ചുംബിച്ചു.

അച്ഛൻ അകാരണമായി വിധിവൈഭവത്തേയും അതിൻെറ അലംഘനീയതയേയുംപററി പ്രസ്താവിച്ചതെന്തിനാണെന്നു ആ ബാലക്ക് മനസ്സിലായില്ല. വല്ല ആപത്തും അടുത്തിരിക്കുന്നതായി അറിവ് കിട്ടിയിട്ടുള്ളതാണെങ്കിൽ അതിനെപ്പററി തന്നോടെന്നുംതന്നെ പറയാതിരിക്കുമോ? അതോ തന്നെ ഭയപ്പെടുത്തേണ്ടായെന്നു വിചാരിച്ച് മറച്ചുകളഞ്ഞതാണോ? ആൎക്കറിയാം? ഏതായാലും സമാധാനപ്പെടുകയല്ലാതെ ഗത്യന്തരമില്ലല്ലോ.

രണ്ടാം അദ്ധ്യായം.

സന്ധ്യയോടുകൂടി കാതറൈൻ അലക്സിനയുടെ വീട്ടിലെത്തി. ആ ഭവനം പാതിരിയുടെ ഗൃഹത്തെക്കാൾ വിസ്താരമുള്ളതായിരുന്നു. അവിടെയായിരുന്നു സ്റ്റാറൻസ്കി, ബാല്യത്തിൽ താമസിച്ചിരുന്നത്. ഭൎത്താവിൻെറ മരണത്തിനുശേഷം, നിൎദ്ധനയും നിസ്സഹായയുമായ അല-

ക്സിന, തന്നെയാശ്രയിച്ചപ്പോൾ മഹാമനസ്കനായ പാതിരി സ്വഭവനത്തെ സഹോദരിയുടെയുപയോഗത്തിന്നായി വിട്ടുകൊടുക്കുകയും, മാറിൻബർഗ്ഗിൽ തൻെറ ജോലിസ്ഥലമായ പള്ളിയുടെ സമീപം ഒരു ചെറിയ വീടു വിലയ്ക്കു വാങ്ങി തൻെറ താമസം അങ്ങോട്ടു മാററുകയും ചെയ്തു.

അലക്സിനയുടെ സ്വഭാവം പാതിരിയുടെ പ്രകൃതിപോലെ നല്ലതല്ലായിരുന്നു. അവളുടെ ദുരഹങ്കാരം, നിർദ്ദയത്വം മുതലായ ദുർഗ്ഗുണങ്ങൾക്കു വാർദ്ധക്യത്തിലും ഒട്ടും തന്നെ കുറവു വന്നിട്ടില്ല. ആകൃതിയിൽ അലക്സിനയ്ക്കും സ്കാറൻസ്കിക്കും തമ്മിൽ, സ്ത്രീയും പുരുഷനുമെന്നുള്ള വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും മനസ്സിനെ സംബന്ധിച്ചേടത്തോളം അവർക്കു തമ്മിൽ ഗണ്യമായ ഭേദമുണ്ടായിരുന്നു. തനിക്കു വളരെ ഉപകാരം ചെയ്ത സഹോദരനോടു സ്നേഹമോ, അയാളുടെ ഔദാര്യമോർത്തു കൃതജ്ഞതയോ, ആ വയോധികയ്ക്കില്ലായിരുന്നുവെന്നു പറഞ്ഞാൽ അവളുടെ ഹൃദയം എത്രമാത്രം കഠിനമായിരുന്നുവെന്നു വായനക്കാർ ഊഹിച്ചുകൊള്ളുമല്ലൊ.

കാതറൈൻ, അവിടെ എത്തിയപ്പോൾ അവളുടെ ആധിസൂചകമായ മുഖഭാവംകണ്ട് അലക്സിന പരിഭ്രമിച്ചു. എങ്കിലും കുമാരിയുടെ ഉദ്വേഗത്തിനുണ്ടായ കാരണം മനസ്സിലായപ്പോൾ അവൾക്ക് ഒരു പുഞ്ചിരിയാണുണ്ടായത്. അവൾപറഞ്ഞു: 'ഹൈ', അതു സാരമില്ല. ഇങ്ങിനെ ഒക്കേ, സ്കാറൻസ്കി പലപ്പോഴും ഹായാറുണ്ട്. അതിനൊന്നിനും പ്രത്യേകം കാരണം വേണമെന്നില്ല. അത് അയാളുടെ ഭ്രാന്തു എന്നേയുള്ളു. എന്നു

തന്നെയല്ല. നീ പാതിരിയുടെ ഓമനമകളല്ലേ. നിന്നോടുള്ള വാത്സല്യംകൊണ്ടു പറഞ്ഞതായിരിക്കും.' ഈ സാന്ത്വനവാക്കുകളൊന്നും കാതറൈന്റെ ചെവിയിൽ കയറിയില്ല. അവൾ ചിന്തകൊണ്ട് അന്നുരാത്രിയുറങ്ങാതെ കഴിച്ചുകൂട്ടി.

പ്രഭാതമായപ്പോൾ കുമാരി പടിവാതുക്കൽചെന്നു ചെവിയോർത്തു നില്ക്കുന്നതുകണ്ട് ഗൃഹനായിക അവളെ ശാസിച്ചു. 'ഇവിടെ വെള്ളം കോരിയിട്ടില്ല. ആഹാരത്തിനൊന്നും ഇതുവരെ അടുപ്പത്തു വെച്ചിട്ടില്ല. ഇതൊക്കെ ഞാൻതന്നെയായാലെങ്ങിനെയാണ്. നീ കൂടിവന്നു ജോലിയിൽ പങ്കുകൊള്ളാതെ ഇങ്ങിനെ വാതുക്കൽചെന്നു വെറുതെ നില്ക്കുകയാണോ വേണ്ടത്. കയ്യും കെട്ടി രസിച്ചുനില്ക്കാനാണോ സ്റ്റാറൻസ്കി നിന്നെ ഇങ്ങോട്ടു പറഞ്ഞയച്ചത്. കേട്ടോ ഞാൻ പറഞ്ഞത്.'

ഈ ശാസനകേട്ടു കാതറൈൻ ഒന്നു ഞെട്ടി, അലക്സിനയോടു പറഞ്ഞു: 'എന്തിനാണിങ്ങിനെ എന്നെ ശാസിക്കുന്നത്. കുറേനേരമായി ദൂരെ എവിടയോ വെടി കേൾക്കുന്നുണ്ട്. മാറിൻബെഗ്ഗിലാണെന്നു തോന്നുന്നു. ആണെങ്കിൽ എന്താണോ അവിടുത്തെ സ്ഥിതി.'

അലക്സിനക്കു ചെവി നല്ലതുപോലെ കേൾക്കാൻ പാടില്ലായിരുന്നതിനാൽ വെടിയുടെ ശബ്ദം ഇടിമുഴക്കംപോലെ മാത്രമേ അവൾക്കു തോന്നിയിരുന്നുള്ളു. ഇടിയല്ലെന്നു കാതറൈൻ ഖണ്ഡിച്ചുപറഞ്ഞപ്പോൾ ആ വയോധികൾ അകത്തുചെന്നു പഞ്ചാംഗം, എടുത്തുനോക്കി ഇങ്ങിനെ പറഞ്ഞു. 'ഇന്നു ആഗസ്റ്റ്മാസം ഇരുപതാണല്ലോ തിയ്യതി. ചക്രവത്തിയുടെ തിരുനാളിന്നല്ല.'

പിന്നെയെന്തിനാണു പീരങ്കിവെടി വെക്കുന്നത്. പീരങ്കിതന്നെയാണെന്നു നിനക്കു നിശ്ചയമുണ്ടോ?'

കാതറൈൻ കുറച്ചുനേരം ഗാഢാലോചനയിൽ ലയിച്ചുനിന്ന ശേഷം പകുതി ആത്മഗതമായിട്ടും പകുതി അലക്സിനയോടായിട്ടും ഇപ്രകാരം പറഞ്ഞു: 'ഇന്നലെ രാവിലെ അച്ഛൻ എന്നെ വിളിച്ചപ്പോൾ അച്ഛന്റെ മുഖം നന്ന വാടിയിരുന്നു. എന്നെ ഇവിടെനിന്നു തിരികെ കൊണ്ടുപോകുവാൻ അച്ഛൻ താമസിക്കാതെ വരുമെന്നും അച്ഛൻതന്നെ വന്നിട്ടേ അങ്ങോട്ടു പോകാവൂ എന്നും പറഞ്ഞു. അച്ഛൻതന്നെയെന്ന് ആവർത്തിച്ചു പറഞ്ഞതിന്റെ കാരണം എനിക്ക് അപ്പോൾ മനസ്സിലായില്ല. ഞാനൊന്നും മിണ്ടാതെ നിന്നപ്പോൾ, ദൈവമാണു നമ്മുടെ നിയന്താവെന്നും, ഈശ്വരേച്ഛ ആർക്കും തടുക്കുവാൻ കഴികയില്ലെന്നും അച്ഛൻ പറഞ്ഞു. വലിയ സങ്കടമുള്ളപ്പോഴെ അച്ഛൻ അങ്ങിനെ പറയാറുള്ളു. ഇതുകൂടാതെ എന്നെ ധൃതിയായിട്ടാണല്ലോ ഇങ്ങോട്ടയച്ചതും. വഴിക്കുവെച്ചു എന്നെയനുഗ്രഹിച്ചപ്പോൾ അച്ഛൻ ഉറക്കെ നിലവിളിക്കയും ചെയ്തു. ഹാ കഷ്ടം! എനിക്ക് ഇനി എന്റെ രക്ഷിതാവിനെ കാണുവാൻ ഇടവരികയില്ലയോ? ഞാൻ ഇങ്ങോട്ടു പോരേണ്ടായിരുന്നു. അയ്യോ ഇതാ പിന്നെയും വെടി കേൾക്കുന്നുവല്ലോ.'

സന്താപംകൊണ്ടവശയായ അവളുടെ കണ്ണുകളിൽനിന്നു കണ്ണുനീർ ധാരയായി ഒഴുകി. അലക്സിന, അവൾക്കു ഭ്രാന്താണെന്നു കരുതി അവളോടു പുച്ഛമായിട്ടുപറഞ്ഞു 'എന്നും ചിരിച്ചുകൊണ്ടിരിക്കുന്ന നീ ഇപ്പോൾ കരയുകയാണോ? നിന്റെ ഈ വക ചാപല്യങ്ങ

ളൊന്നും എനിക്കു കാണേണ്ട. സ്റ്റാറൻസ്കി, കുറച്ചു വ്യസനത്തോടുകൂടിയായിരിക്കാം നിന്നെ ഇങ്ങോട്ടയച്ചത്. അതുകൊണ്ടിത്ര കരയാനെന്താണ്?'

'എന്തിനാണച്ഛൻ വെറുതെയെന്നെയിങ്ങോട്ടു വിട്ടത്?'

'എന്തിനാണെന്നോ? എന്നെ ശുശ്രൂഷിക്കാനായിട്ട്. എനിക്കു വയസ്സായിരിക്കയാണ് എന്നു നിനക്കറിഞ്ഞുകൂടെ? അല്ലാതെ വെറുതെയിരിക്കുവാനല്ല നിന്നെയിവിടെ പറഞ്ഞയച്ചത്.'

'എന്റെ പരിചര്യ അച്ഛനും ആവശ്യമുണ്ടല്ലോ. അച്ഛൻ അമ്മാവിയേക്കാൾ അധികം ഇളപ്പമല്ലല്ലോ.'

ഇതു കേട്ട് അലക്സിന കോപിച്ചു, 'നിനക്ക് എന്നേക്കാളധികം എന്റെ സഹോദരനോടാണ് സ്നേഹമെന്നുതോന്നുന്നു. അതു പാടില്ല. അതു തെററാണ്' എന്നു പറഞ്ഞു.

ഈ വാക്കുകൾ കാതറൈനു വളരെ കുണ്ഠിതത്തെയുണ്ടാക്കി. ആ വൃദ്ധയുടെ ശിലാകഠിനമായ മനസ്സിനെ മൃദുകരിക്കുവാനെന്നവണ്ണം തന്റെ കോമളങ്ങളായ നയനങ്ങൾ കണ്ണുനീർ വർഷിക്കുന്നതിനിടയിൽ അവർ പറഞ്ഞു. 'അമ്മാവി, അതെന്റെ പേരിലുള്ള ഒരു തെററുതന്നെയാണെന്ന് എനിക്കറിയാം. പക്ഷെ ഞാൻ വിചാരിച്ചാൽ അതു മാറുവാൻ നിവൃത്തിയില്ല. അദ്ദേഹമല്ലേ ഞാൻ ഒരു കുഞ്ഞായിരുന്ന കാലത്ത് എന്നെ മൃത്യുമുഖത്തിൽനിന്നു രക്ഷിച്ചത്? പിന്നീട് ഇതുവരെ ഒരു പിതാവിന്റെ നിലയിൽ എന്നെ ലാളിച്ചുവളർത്തിയതും അദ്ദേഹംതന്നെയാണല്ലോ. ആ സ്ഥിതിക്ക് എന്റെ സാക്ഷാൽ

മാതാപിതാക്കന്മാരുണ്ടായിരുന്നുവെങ്കിൽ അവരോട്ട ഞാൻ കാണിക്കുമായിരുന്ന പ്രതിപത്തി അദ്ദേഹത്തോടുകാണിക്കാതിരിക്കുന്നതെങ്ങിനെയാണ്? അമ്മാവിയെ ഞാനിതിന്നുമുമ്പ് ഒന്നോ, രണ്ടോ പ്രാവശ്യമേ കണ്ടിട്ടുതന്നെയുള്ളു. അതുകൊണ്ടാണ് ഞാൻ അച്ഛനെ സ്നേഹിക്കുന്നതുപോലെ അമ്മാവിയെ സ്നേഹിക്കാത്തത്. എൻെറ അച്ഛൻെറ ജീവനെ രക്ഷിക്കുന്നതിന് എൻെറ ജീവനെപ്പോലും ബലികൊടുക്കുവാൻ ഞാൻ സദാ സന്നദ്ധയാണ്. അയ്യോ ഇതാ പിന്നെയും വെടി കേൾക്കുന്നുവല്ലൊ.'

നിഷ്കളങ്കശീലയായ അവളുടെ വാക്കു കേട്ട്, അലക്സിനക്കുപോലും അവളെ ശാസിച്ചതു കഷ്ടമായിപ്പോയെന്നുതോന്നി. ഇനിയുമവൾക്കു മനസ്താപത്തിന്നിടകൊടുത്താൽ സഹോദരനറിഞ്ഞേക്കുമെന്നു ശങ്കിച്ച് അടുക്കളയിലേക്കു പോയി. ആ അവസരത്തിൽ സഞ്ചാരംകൊണ്ടു വളരെ ക്ഷീണിച്ച ഒരു യുവാവു വീട്ടിൻെറ മുൻവശത്തു കുതിരയെ നിറുത്തി പരിഭ്രമത്തോടുകൂടി അകത്തേക്കു കയറിച്ചെന്നു. അതു കുമാരിക്കു കണ്ടുപരിചയമുള്ള ഒരാളായിരുന്നു.

'അലക്സിന ഇവിടെയില്ലേ?'

'ഉണ്ട്' എന്നു പറഞ്ഞു കുമാരി അകത്തു പോയി ഗൃഹനായികയെ കൂട്ടിക്കൊണ്ടുവന്നു.

അലക്സിന — എന്താ പാൾ! വിശേഷം വല്ലതുമുണ്ടോ?

പാൾ — വിശേഷമൊ, എന്താണു പറയേണ്ടത്. മാറിൻബർഗ്ഗുനഗരം റഷ്യൻഭടന്മാർ കൈവശപ്പെടുത്തിക്കെ

ഴിഞ്ഞു. ഞാൻ തന്നെ കോട്ടയ്ക്കു വെളിയിൽ ഇറങ്ങു വാൻ വളരെ ഞെരുങ്ങി. വല്ല വിധവും പററിയെന്നേ ഉള്ളൂ. പാതിരി ഒരെഴുത്തു തന്നയച്ചിട്ടുണ്ട്'

അലക്സിന എഴുത്തു വായിച്ചുകൊണ്ടിരുന്നപ്പോൾ പാൾ പെൺകുട്ടിയോടു പറഞ്ഞു.

'കാതറൈൻ തന്നെ ഭാഗ്യവതി. ഒരു ചിന്തയും വേണ്ട. അച്ഛനമമ്മയും ബന്ധുക്കളുമാരുമില്ലാത്തതുകൊണ്ടു മാറിൻബർഗ്ഗിൽ ആരെല്ലാം മരിച്ചാലും, കാതറൈനു മാത്രം അതുകൊണ്ടു ഖേദിക്കാനൊന്നുമില്ല'

'ഇങ്ങിനെയാണൊ നിങ്ങൾ ധരിച്ചിരിക്കുന്നത്' എന്ന് ആക്ഷേപസൂചകമായ നോട്ടത്തോടുകൂടി കാതറൈൻ ചോദിച്ചു.

'അതെ ബന്ധുക്കളാരുമില്ലാത്തവക്ക് ആ ധിക്ക് ഒരിക്കലും വകയില്ലല്ലൊ' അതുപോട്ടെ. അച്ഛനേയും നിങ്ങളുടെ ബന്ധുക്കളേയും അവിടെ വിട്ടുംവെച്ചു പാൾ എന്തിനാണിങ്ങോട്ടുപോന്നത്?

പാതിരി എന്നെ നിർബ്ബന്ധിച്ച് ഇങ്ങോട്ടു അയക്കയായിരുന്നു.

ഇനിയെന്തെല്ലാമാണവിടുത്തെ സ്ഥിതിയെന്നു ദൈവത്തിനേ അറിയാവു. ഞാനായിരുന്നുവെങ്കിൽ എന്തായാലും ശരി. അച്ഛനെ വിട്ടേച്ചുപോരികയില്ലായിരുന്നു. ആകട്ടെ. യുദ്ധം തുടങ്ങിയോ?

യുദ്ധമെന്നു പറഞ്ഞാൽ മതിയോ? വെടികേട്ടില്ലേ? റഷ്യൻഭടന്മാർ മാറിൻബർഗ്ഗു നഗരം വെടിവെച്ചു തകൎക്കുകയാണ്.

അയ്യോ അതു കണ്ടാൽതന്നെ പേടിയാകും.

അയ്യോ എൻെറ പിതാവേ, എൻെറ രക്ഷിതാവേ എന്നു പറഞ്ഞ് ആ സാധുക്കുട്ടി എങ്ങലടിച്ചു കരഞ്ഞു.

അലക്സിന എഴുത്ത് അവളുടെ പക്കൽ കൊടുത്ത് ഇതൊന്നു വായിച്ചുനോക്കു എന്നു പറഞ്ഞു.

കാതറൈൻ അതു വാങ്ങി, താഴെക്കാണുന്നപ്രകാരം വായിച്ചു.

മാറിൻബർഗ്ഗ്, 1702 ആഗസ്റ്റ് 20-ാനു-.

പ്രിയസഹോദരി!!

മാറിൻബർഗ്ഗുനിവാസികൾക്കു വിചാരിച്ചിരിക്കാതെയുള്ള ഒരാപത്താണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. റഷ്യൻ സേനാധിപൻ ഒരു വലിയ പടയോടുകൂടി ഇന്നലെ അദ്ധരാത്രിസമയം ഇവിടെ വന്നു ഭയങ്കരമായ പീരങ്കിപ്രയോഗം തുടങ്ങിയിരിക്കുന്നു.

കാതറൈനെ അലക്സിനതന്നെ നല്ലപോലെ രക്ഷിച്ചുകൊള്ളണം. അവളെ അവിടെനിന്ന് എങ്ങും പോകാനനുവദിക്കരുത്. എൻെറ സ്വദേശത്തെ ശത്രുക്കളുടെ ആക്രമണത്തിൽനിന്നു രക്ഷിക്കേണ്ടത് എൻെറ കടമയാകയാൽ എനിക്കു യുദ്ധത്തിലേപ്പെടാതെ കഴികയില്ല. ഒരു പക്ഷേ ഞാൻ യുദ്ധത്തിൽ മരിച്ചുപോകുന്നതായാൽ എൻെറ സ്വത്തു മുഴുവൻ ഞാൻ എൻെറ പ്രിയ പുത്രിക്കായി സമപ്പിച്ചിരിക്കുന്നു.

എന്നു സ്കാറൻസ്കി.

എഴുത്തു തിരികെ അലക്സിനയെ ഏല്പിച്ചശേഷം കാതറൈൻ തൻെറ ഉടുപ്പിൻെറ അററംകൊണ്ടു കണ്ണുനീർ തുടച്ചുകളഞ്ഞു. 'എനിക്കിപ്പോൾ, മാറിൻബൎഗ്ഗിൽ പോ

കണം. അച്ഛനെ കാണാതെ ഒരു നിമിഷംപോലും ഞാനിവിടെ ഇരിക്കയില്ല' എന്നു പറഞ്ഞു

അലക്സിന – നിനക്കു പേടിയില്ലേ, ഈ യുദ്ധസമയത്താണോ നീ തനിച്ചു പടയാളികളുടെ ഇടയിൽ ചെന്നുകയറുവാൻ പോകുന്നത്?

പക്ഷെ വാസ്തവത്തിൽ കാതറൈൻ പോകുന്നതുകൊണ്ടവൾക്കു കുണ്ഠിതമുണ്ടായിരുന്നില്ല. പാളിനെ ബോധിപ്പിക്കുവാനിത്രയും പറഞ്ഞുവെന്നേയുള്ളു.

അലക്സിന എഴുത്ത് ഒരാവൃത്തികൂടി വായിച്ചുനോക്കി. ഈ പ്രാവശ്യം പാൾ അവളുടെ മുഖത്തു സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. എഴുത്തിൻെറ അന്ത്യഭാഗമായതോടുകൂടി ബീഭത്സമായ ഒരു പുച്ഛരസം അവളുടെ മുഖത്ത് ആവിർഭവിച്ചു. അലക്സിനയുടെ സ്വഭാവത്തെപ്പററി നല്ലതുപോലെയറിയാമായിരുന്ന പാൾ അനുകമ്പയോടുകൂടി രണ്ടുമൂന്നു പ്രാവശ്യം തൻെറ നേരെ നോക്കുന്നതു കാതറൈൻ കണ്ടുഎങ്കിലും അതിലന്തർഭവിച്ചിരുന്ന ഇംഗിതം, എന്താണെന്നു മനസ്സിലാക്കുന്നതിന് അവൾക്കു കഴിഞ്ഞില്ല. സഹോദരൻെറ സ്വത്തിനു അനന്തരാവകാശം കാതറൈനാണെന്നു പ്രസ്താവിച്ചിരുന്ന വാചകം വായിച്ചപ്പോൾ ആണ് ആ ദുഷ്ടയുടെ മുഖത്തു ഭാവഭേദം വന്നതെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ.

നിനക്കു പേടിയില്ലേ? എന്നു വൃദ്ധ വീണ്ടും ചോദിച്ചപ്പോൾ 'എന്തു ചെയ്തും എൻെറ അച്ഛനെ രക്ഷിക്കണം. ആ കാര്യത്തിൽ എനിക്ക് അശേഷം ഭയമില്ല' എന്നായിരുന്നു ആ ധീരകുമാരിയുടെ ഉത്തരം.

'എന്നാൽ ഞാൻ പോകുന്നു' എന്നു ദൃഢനിശ്ചയ

ദ്ദ്യോതകമായ സ്വരത്തിൽ അലക്സിനയോടു പറഞ്ഞു, കാതറൈൻ വാതുക്കൽ നിന്നിരുന്ന പാളിൻെറ കുതിരയുടെ പുറത്തു ചാടിക്കയറി.

ഈ ധീരകൃത്യം കണ്ട് അതിശയിച്ച് അലക്സിനയും പാളും തബ്ധരായി നില്ക്കുന്നതിനിടയ്ക്കു കുതിര പെൺകുട്ടിയേയും കൊണ്ട് അവരുടെ ദൃഷ്ടികളിൽനിന്നു മറഞ്ഞു.

മൂന്നാം അദ്ധ്യായം

സൂൎയ്യാസ്തമയം സമീപിച്ചപ്പോൾ വളരെ ദൂരം ഓടി ക്ഷീണിച്ച ഒരു കുതിര മാറിൻബെൎഗ്ഗ് നഗരത്തിനടുത്തുള്ള വനത്തിൽക്കൂടി മന്ദഗതിയായി സഞ്ചരിക്കയായിരുന്നു. കാട്ടിൻെറ അതിൎത്തിയിലെത്തിയപ്പോൾ അവിടെ നിന്നിരുന്ന ഒരു സുന്ദരയുവാവു കുതിരയുടെ കടിഞ്ഞാണിൽ കടന്നുപിടിച്ച് അതിൻെറപുറത്തിരുന്ന പെൺകുട്ടിയോടു 'നീയെവിടെപ്പോകുന്നു?' എന്നു സഗൌരവം ചോദിച്ചു.

കുമാരി ആ യുവാവിനെ സൂക്ഷിച്ചുനോക്കി. അയാൾ ഒരു സാധാരണ ഭടൻ ഉപയോഗിക്കാറുള്ള ചില കുറഞ്ഞ ഉടുപ്പുകളേ ധരിച്ചിരുന്നുള്ളു എങ്കിലും സുപ്രസന്നവും, കോമളമെങ്കിലും ഗാംഭീൎയ്യത്തെ വെളിപ്പെടുത്തുന്നതും ആയ മുഖത്തിന് അസാമാന്യമായ ശോഭയെ കൊടുത്തിരുന്ന കറുത്ത മേൽമീശയും, ശ്യാമവൎണ്ണത്തോടു സമ്മിശ്രമായ സ്വൎണ്ണനിറത്തിൽ അയാളുടെ ശിരസ്സിനെ അലങ്കരിച്ചിരുന്ന തലമുടിയും, പൊക്കവും പുഷ്ടിയുമുള്ള ദേഹത്തിനു വളരെ യോജിപ്പായവിധത്തിൽ വളൎന്നിട്ടുള്ള

അവയവങ്ങളും കണ്ടാൽ അയാൾ വെറുമൊരു പടയാളിയല്ലെന്ന് ആക്കും തിച്ചപ്പെടുത്താം. പക്ഷെ ബാലയായ കാതറൈൻ, അയാളുടെ രൂപസൌന്ദര്യത്തെ അത്ര ആദരിച്ചില്ല.

ഭടൻെറ ചോദ്യത്തിനുത്തരമായി, 'അതറിഞ്ഞിട്ട നിങ്ങൾക്കെന്തുവേണ'മെന്നു സഗൌരവമായിത്തന്നെ അവളും ചോദിച്ചു.

ആ ധിക്കാരമായ വാക്കു ഒരു പുരുഷൻെറ മുഖത്തുനിന്നാണു പുറപ്പെട്ടിരുന്നതെങ്കിൽ അയാൾ വക്താവിനു തക്കതായ ശിക്ഷ കൊടുത്തേനെ. പക്ഷെ ഒരു സ്ത്രീയാണല്ലൊ എന്നു വിചാരിച്ചു കോപമടക്കി, വീണ്ടും 'നീയെവിടെപ്പോകുന്നു?' എന്നു ഭടൻ ചോദിച്ചു. ഈ പ്രാവശ്യം ഒന്നുകൂടി സാവധാനത്തിലായിരുന്നു ചോദ്യം.

വിണ്ടും 'അതറിഞ്ഞിട്ട് എന്തുവേണം' എന്നുതന്നേയായിരുന്നു നമ്മുടെ ധീരോദാത്തയായ കുമാരിയുടെ മറുവടി.

യോദ്ധാവു കടിഞ്ഞാണിൽ നിന്നു കയ്യെടുക്കാതെ, നഗരം റഷ്യാചക്രവർത്തി പീററർ ഒന്നാമനു കീഴടങ്ങിക്കഴിഞ്ഞുവെന്നുള്ള വിവരം നീ മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു എന്നു മന്ദഹാസത്തോടെ പറഞ്ഞു.

കാതറൈൻ — ഓ ഹോ — അതു ഞാനറിഞ്ഞിട്ടുണ്ട്, പക്ഷേ അതുകൊണ്ടെന്താണ്? എനിയ്ക്കു പോകാൻ വൈകി, വിടണം.

യുവാവ് — അതുകൊണ്ടെന്താണെന്നോ? നഗരവാസികളെയെല്ലാം തടവിൽ ആക്കിക്കഴിഞ്ഞു. നീയവിടെച്ചെന്നാൽ നീയും ശത്രുക്കളുടെ കയ്യിൽ അകപ്പെടും, അത്രേയുള്ളൂ.

കാതറൈൻ—ഇത്രയും പറഞ്ഞതു നന്നായി. എന്നാൽ ഇതുകൊണ്ടൊന്നും ഞാൻ തിരിച്ചുപോകയില്ല. എന്റെ പിതാവ് ഈ നഗരത്തിനകത്തുണ്ട്. അദ്ദേഹത്തെ എനിക്കു കണ്ടേ കഴിയൂ.

അയാൾ തടവിലാണെങ്കിൽ നീയെന്തു ചെയ്യും?

ഞാനും തടവിൽ കിടക്കും.

ആട്ടെ അയാൾ മരിച്ചിട്ടുണ്ടെങ്കിലോ?

കാതറൈൻ കുറച്ചു നേരത്തേക്കു ഒന്നും മിണ്ടാതെ നിന്ന ശേഷം ധൈൎയ്യമവലംബിച്ച് അഹരനെന്തപകടം വന്നാലും ഞാനതിൽ പങ്കുകൊള്ളുവാനൊരുക്കമാണ് എന്നുത്തരം പറഞ്ഞു.

ഭടൻ കുതിരയെ വിട്ടതോടുകൂടി അവൾ അവിടെ നിന്നു ശീഘ്രഗതിയായിപ്പോകുകയുംചെയ്തു. കുറേദൂരം കൂടിപ്പോയപ്പോൾ ആരാണാപ്പോകുന്നതെന്നു ആരോ വിളിച്ചുചോദിക്കുന്നതു അവൾ കേട്ടു. ഉത്തരം പറവാൻ നിന്നാൽ അനാവശ്യമായ കാലവിളംബമുണ്ടാകാകുമെന്നു വിചാരിച്ചു അവൾ കേട്ടതായിത്തന്നെ നടിച്ചില്ല. പെട്ടെന്നു ഒരു വെടിയുണ്ട അവളുടെ സമീപത്തുകൂടി ചീറിപ്പാഞ്ഞു. അതോടുകൂടി അത്യുച്ചത്തിൽ വെടിപൊട്ടുന്ന ശബ്ദവും അവിടെയെങ്ങും മുഴങ്ങി. കുമാരിക്കു അശേഷം കുസലുണ്ടായില്ല. എങ്കിലും തന്റെ ഉടുപ്പിന്റെ അറ്റം കീറിപ്പോയെന്നുകണ്ട് അവൾ കുതിരയെ നിറുത്തി. അപ്പോഴത്തേക്കു വികൃതവേഷന്മാരായഅനേകം ഭടന്മാർ അവളുടെ ചുററും വന്നുകൂടി. അവരിൽ പ്രമാണിയായ ഉദ്യോഗസ്ഥൻ അവളോടു നീയാരെന്നു ചോദിച്ചു.

കാതറൈൻ_ ഞാൻ ആരെന്നോ? പറയാം. എന്നാൽ അത്രയും പറയുന്നതുകൊണ്ടു നിങ്ങൾക്കു സ്വല്പമെങ്കിലും അറിവു കൂടുമോ?

ഉദ്യോഗസ്ഥൻ—ലാ പിന്നെയാകാം. തഴെയിറങ്ങി വേഗം ഞങ്ങളുടെ കൂടെ വാ; താമസിക്കുവാൻ പാടില്ല.

കുമാരി ചുററം കണ്ണോടിച്ചപ്പോൾ മുമ്പുകണ്ട യുവാവിനെ അവരുടെ കൂട്ടത്തിൽ കണ്ടു അയാളോടു ഇപ്രകാരം അപേക്ഷിച്ചു: 'ഞാൻ ഒരു പാവപ്പെട്ട പെൺകുട്ടിയാണെന്നു നിങ്ങൾക്കറിയാമല്ലോ. ഇവരോടു വെറുതെ എന്നെ ഉപദ്രവിക്കാതെ വിടുവാൻ പറയണം.' 'ഞാൻ പറഞ്ഞില്ലെ ഇങ്ങോട്ടു വന്നാലപകടമാണെന്ന്? ഇനി വിചാരിച്ചിട്ടു ഫലമില്ല.' എന്നു പറഞ്ഞു യുവാവു ഭടപ്രമാണിയോടു എന്തോ മന്ത്രിച്ചു. ഭടപ്രമാണി ഉടൻതന്നെ ഊരുംപേരുമെല്ലാം വിവരമായി പറവാൻ കാതറൈനോടാജ്ഞാപിച്ചു.

താൻ മാറിൻബർഗ്ഗിലെ പാതിരിയുടെ ദത്തുപുത്രിയാണെന്നും തനിക്കു അച്ഛനെ കാണ്മാൻ ഉടൻ പോകണമെന്നും അവൾ പറഞ്ഞപ്പോൾ ഉദ്യോഗസ്ഥൻ, 'ലിവോണിയായും, മാറിൻബർഗ്ഗും ഇന്നു ചക്രവർത്തിക്കു അധീനപ്പെട്ടിരിക്കുന്നു. നീ മാറിൻബർഗ്ഗുകാരിയാകയാൽ നിന്നെ വിട്ടയക്കുവാൻ ഞങ്ങൾക്കു നിവൃത്തിയില്ല. നീ ഞങ്ങളുടെ തടവുപുള്ളിയാണ്, വേഗം ഇറങ്ങു'

ഭടപ്രമാണി തന്നെ കുതിരപ്പുറത്തുനിന്നു പിടിച്ചിറക്കുവാനെന്നപോലെ അടുത്തുചെല്ലുന്നതുകണ്ട് കാതറൈൻ, ദേഷ്യഭാവത്തോടെ, 'എൻെറ ദേഹത്തു തൊടരുത്' എന്നു പറഞ്ഞ് കുറച്ചു പുറകോട്ടു മാറി. അവളുടെ

അഴകേറിയ കണ്ണുകഠം കോപംകൊണ്ടു ജ്വലിച്ചു. അനന്തരം ആ അശ്വാരൂഢയായ ബാലിക ഇങ്ങിനെ പറഞ്ഞു:

ഞാൻ ലിവോണിയായിൽ നിന്നിത്രത്തോളം വന്നതു ഒരു തടവുകാരിയാകാനല്ല. എൻെറ പിതാവിനെ കാണ്മാനായിട്ടാണ് ഞാൻ വന്നത്. അതുകൊണ്ടു, വീട്ടിലൊ തടവിലൊ, എവിടെയാണ് അച്ഛനിരിക്കുന്നതെന്നുവെച്ചാൽ അവിടെ എനിക്കു ഈ നിമിഷംപോകണം. ഉദ്യോഗസ്ഥൻ ചിരിച്ചുംകൊണ്ടു:—'നീ ഞങ്ങളുടെ വരുതി കേഠക്കുന്നതല്ലാതെ, ഞങ്ങഠം നിന്നെ അനുസരിക്കയില്ല.

കാതറൈൻ വിഷണ്ണയായി കുറച്ചുനേരം ആലോചിച്ചശേഷം അടുത്തുനിന്നിരുന്ന ഒരു ഭടനോടു 'നിങ്ങളുടെ സേനാധിപനാരാണ്?' എന്നു ചോദിച്ചു. അയാഠം അതിനു മറുവടി യാതൊന്നും പറഞ്ഞില്ല.

ഈ വാഗ്വാദമെല്ലാം കേട്ടു രസിച്ചുനിന്നിരുന്ന സുന്ദരയുവാവിൻെറ മുഖത്തുനിന്നു 'അതറിഞ്ഞിട്ടു നിനക്കെന്തുവേണം?' എന്നു ഹാസ്യരസത്തിൽ പുറപ്പെട്ട ചോദ്യം അവളെ വല്ലാതെ വ്യാകുലപ്പെടുത്തി. അയാഠം മുമ്പു തന്നോടു 'എവിടെപ്പോകുന്നു'വെന്നു ചോദിച്ചതിനുത്തരമായി താൻ പറഞ്ഞ വാക്കുകഠം തന്നെ ഭടനുച്ചരിച്ചതു തന്നെ പരിഹസിക്കുവാനാണെന്ന് അവഠംക്കു മനസ്സിലായി.

'നിങ്ങളുടെ സേനാധിപൻ എവിടെയാണ്? എനിക്ക് അദ്ദേഹത്തെ കണ്ടു ചിലതെല്ലാം പറവാനുണ്ട്.' എന്നു രണ്ടാമതും അവഠം പറഞ്ഞു. യുവഭടൻ തന്നെ നോ

ക്കി എന്തോ കണ്ണു കാണിക്കുന്നതു കണ്ട് അതിൻെറ അത്ഥം ഗ്രഹിച്ച ഭടപ്രമാണി കുമാരിയോട് 'എൻെറ കൂടെ വാ' എന്നു പറഞ്ഞു അടുത്തുണ്ടായിരുന്ന ഒരു കൂടാരത്തിൻെറ നേക്കു നടന്നു. അവറം അയാളേയും, യുവാവിൻെറ കണ്ണുകറം അവളേയും അനുഗമിച്ചു. കൂടാരത്തിനടുത്തപ്പോറം വഴിയിൽനിന്നും കരഞ്ഞുകൊണ്ടിരുന്ന ഒരു വൃദ്ധ അവളെക്കണ്ടു 'അയ്യോ എൻേറ കാതറൈനോ' എന്നു നിലവിളിച്ചു.

കാതറൈൻ—എന്തു? പ്രദ്ധറിക്കയോ? അച്ഛനെവിടെ?

വൃദ്ധ—കഷ്ടം! അദ്ദേഹത്തെ ഇനി നമുക്കു കാണ്മാൻ സാധിക്കയില്ല. എൻെറ എജമാനൻ പടക്കളത്തിൽ വെച്ചു മരിച്ചുപോയി. ഒരു റഷ്യൻ ഭടൻെറ വെടികൊണ്ട് അദ്ദേഹം താഴെ വീഴുന്നതു ഞാൻ എൻെറ കണ്ണുകൊണ്ടു കണ്ടു. അപ്പോറം അദ്ദേഹം വെടിയേററ വേറൊരാളുടെ മുറിവു വെച്ചുകെട്ടുകയായിരുന്നു. എൻെറ എജമാനനു ദൈവം ഇങ്ങിനെ ആപത്തു വരുത്തിയല്ലൊ.

പെൺകുട്ടിയുടെ ദേഹം ആപാദചൂഡം ഒന്നുപോലെ വിറച്ചു. അവളുടെ അമാനുഷമായ ധൈൎയ്യമെല്ലാം അന്തരിക്ഷത്തിൽ ക്ഷണേന ലയിച്ചുപോയി.

കാതറൈൻ--എൻെറ അച്ഛൻ താഴെ വീഴുന്നതേ നീ കണ്ടുള്ളുവോ? അതോ അദ്ദേഹം മരിച്ചപ്പോറം നീയടുത്തുണ്ടായിരുന്നുവോ?

ഇല്ല മരിക്കുന്നതു ഞാൻ കണ്ടില്ല.

എന്നാലെന്താണു നിയച്ഛനെ പടക്കളത്തിലിട്ടംവച്ചു ഇങ്ങോട്ടു പോന്നത്? 'അയ്യോ അല്ലാതെ ഞാനെ

ന്തുചെയ്യും. എന്റെ ചുററും നിന്നവരെല്ലാം വെടികൊണ്ടു ചത്തുവീഴുന്നതു കണ്ടുംകൊണ്ടു ഞാനവിടെയെങ്ങിനെയാണു ധൈര്യമായി നില്ക്കുന്നത്?'

എന്നാലും എന്റെ അച്ഛൻ നിന്റെ യജമാനനാണല്ലൊ. അദ്ദേഹത്തെ എന്തുചെയ്തും രക്ഷിക്കേണ്ടിയിരുന്നു.

പ്രഡറിക്ക ഒന്നും മിണ്ടാതെ നില്പായി.

നീയവിടെ നില്ക്കണം. ഞാനിപ്പോൾ വരാം. എന്നു പറഞ്ഞു കുമാരി ഉദ്യോഗസ്ഥനോടൊന്നിച്ചു സേനാനിയെ കാണ്മാൻ പോയി.

കൂടാരത്തിൽ കടന്നപ്പോൾ അവൾ ആദ്യം കണ്ടതു കാട്ടിനടുത്തു വച്ചുകണ്ട രസികയുവാവിനെയായിരുന്നു. അതു ഗണ്യമാക്കാതെ കാതറൈൻ, സേനാധിപന്റെ മുമ്പിൽ ചെന്നു സാഷ്ടാംഗം നമസ്കരിച്ചു, ദയവു ചെയ്യണേ, ഒരു പാപപ്പെട്ട പെൺകുട്ടിയുടെ പേരിൽ പ്രസാദിക്കണേ' എന്നു സവിനയം അപേക്ഷിച്ചു.

സേനാധിപൻ—(ഉദ്യോഗസ്ഥനെ നോക്കി) ഈ കുട്ടിയെ എന്തിനാണിവിടെ കൊണ്ടുവന്നത്?

ഉദ്യോഗസ്ഥൻ—ഇവൾക്ക് അവിടുത്തെ സമക്ഷത്തിൽ എന്തോ ബോധിപ്പിക്കുവാനുണ്ടെന്നു പറയുന്നു.

കതറൈൻ—എനിക്ക് ഒരു പ്രാത്ഥനയുണ്ട്. അതു സാധിപ്പിച്ചുതരണം.

സേനാനായകൻ—എന്താണെന്നറിയട്ടെ, പറയൂ.

കാതറൈൻ—ഈ നഗരത്തിലെ പാതിരി എന്റെ പിതാവാണ്. അദ്ദേഹം യുദ്ധക്കളത്തിൽ വച്ചു മരിച്ചുപോയി. അച്ഛന്റെ ദേഹം പള്ളിയിൽ കൊണ്ടു

ദേപായി മറവു ചെയ്യിക്കാതെ എനിക്കു സമാധാനമില്ല.

സേനാനായകൻ — അതിനു ഞാനെന്തുവേണം?

കാതറൈൻ — പടനിലത്തിലന്വേഷിച്ച് അച്ഛൻെറ ദേഹം എടുപ്പിച്ചു കൊണ്ടുപോകുന്നതിന് എന്നെ അനുവദിക്കണം.

അവളുടെ വിനയവും സാധുത്വവും കണ്ടു ദയവു തോന്നി സേനാധിപൻ അവളെ എഴുനേല്പിച്ചു പറഞ്ഞു:—

അനുവദിക്കാം. പടനിലം ഇവിടെ അടുത്താണ്. അതിൽ ആൎക്കും പ്രവേശിക്കയും ചെയ്യാം. പക്ഷെ നീ പോയാൽ ഓടി രക്ഷപ്പെടുകയില്ലെന്നുള്ളതിന് എനിക്ക് എന്താണു തെളിവു?

'എൻെറ വാക്കു പോരേ?' എന്നു മൃദുവെങ്കിലും ധീരമായ സ്വരത്തിൽ അവളുടെ നാവിൽനിന്നും പുറപ്പെട്ട ചോദ്യം സേനാധിപനു ക്രമത്തിലധികം രസിച്ചു.

സേ_നാ — നിൻെറ പേരെന്താണ്?

കാതറൈൻ — കാതറൈൻ എന്ന്

സേ_നാ — പൊയ്ക്കോൾക. പക്ഷെ, തിരിച്ചുവരണം. വരുമ്പോൾമുതൽ നീ എൻെറ അടിമയാണ് എന്നു നല്ലു ഓൎമ്മ വേണം.

കാതറൈൻ കൂടാരത്തിനു വെളിയിൽ ഇറങ്ങിയപ്പോൾ ഫ്റഡറിക്ക അവിടെ നില്പുണ്ടായിരുന്നു.

'ഫ്രഡറിക്കേ, എൻെറ കൂടെ വന്നു അച്ഛൻ വീഴുന്നതു കണ്ട സ്ഥലം എനിക്കു കാണിച്ചുതരു' എന്നു പറഞ്ഞു കാതറൈൻ ആ വൃദ്ധയുടെ കൈക്കു പിടിച്ചു.

വൃദ്ധ—അയ്യോ കുട്ടി എന്താണു പറയുന്നത്? ഈ കൂരിരുട്ടത്തു പടക്കളത്തിൽ പോകാനോ. എത്രവളരെ ആളുകളാണവിടെ ചത്തുകിടക്കുന്നത്. അവരുടെ ഇടയിൽ ചെന്നു കയറാൻ കുട്ടിക്കു പേടിയില്ലേ?

കാതറൈൻ—നിനക്കു പേടിയുണ്ടെങ്കിൽ ഇവിടെത്തന്നെ നിന്നോളു. ഞാനേതായാലും പോകാൻ നിശ്ചയിച്ചു.

വൃദ്ധ—കുട്ടിതന്നെ പോകേണ്ട. ഞാൻ കൂടി വരാം.

രണ്ടുപേരുംകൂടി തിരിച്ചു നഗരത്തിനു വെളിയിലുള്ള പോർക്കളത്തിലെത്തി. ഇരുട്ടുകൊണ്ടു വഴി തിരിച്ചറിവാൻ പാടില്ലായിരുന്നതിനാൽ അവർ വളരെ പ്രയാസപ്പെട്ടാണ് അവിടെ ചെന്നുചേർന്നത്. അനേകായിരം കുതിരകളും ആളുകളും മരിച്ചും മരണമടുത്തും കിടക്കുന്ന യുദ്ധഭൂമിയിൽനിന്നു അംഗഭംഗംകൊണ്ടും തീവ്രവേദനകൊണ്ടും അവശന്മാരായി കിടന്നിരുന്ന അവരുടെ മുറവിളികൾ നിരന്തരമായി കേൾക്കാനുണ്ടായിരുന്നു. ആ ദീനസ്വരം നമ്മുടെ ബാലികയേ അത്യധികം ഭയപ്പെടുത്തിയെങ്കിലും കൃത്യനിഷ്ഠ അവളെ മുന്നോട്ടു നയിച്ചു.

ഫ്രഡറിക്കിന് അവളോളംതന്നെ ധൈര്യമില്ലായിരുന്നു. പടനിലത്തിന്നു വെളിയിലായപ്പോൾ, 'കുഞ്ഞേ, എനിക്കു പേടിയാകുന്നു. നമുക്കു നാളെ രാവിലെ ഇവിടെവന്നു അന്വേഷിക്കാം, എന്നു പറഞ്ഞു അവൾ പിന്തിരിഞ്ഞു.

കാതറൈൻ:—അതുപോരാ. അച്ഛൻ ഒരു വേള മരിച്ചിട്ടില്ലായിരിക്കാം. നാളെയാക്കാമെന്നുവെച്ചാൽ മരിച്ചുപോയേക്കും. 'അതു വാസ്തവമാണ്. എന്നാൽ ഞാനും വരാ'മെന്നു പറഞ്ഞു ഫ്രഡറിക്ക, കാതറൈനെ അനുഗമിച്ചു

പടനിലത്തിൽ പ്രവേശിച്ചു. അന്ധകാരംകൊണ്ടു അവിടെ ഒന്നും കാണ്മാൻ പാടില്ലായിരുന്നു. വെളിച്ചമില്ലാതെ സ്കാറൻസ്കിയുടെ ദേഹം എവിടെയാണെന്നറിവാൻ കഴിയാഞ്ഞതിനാൽ എന്റെ ദൈവമേ, എന്റെ അച്ഛനെ എനിക്കു കാണിച്ചു തരണേ എന്നു അവൾ ഉറക്കെ പ്രാൎത്ഥിച്ചു. ഉടൻ പുറകിൽ ആരുടേയോ ശബ്ദം കേട്ടു തിരിഞ്ഞുനോക്കി; ഒരാൾ അടുത്തുനില്ക്കുന്നതായി അവൾക്കു തോന്നി.

'നിങ്ങളാരാണ്. നിങ്ങളും വല്ല ബന്ധുക്കളേയും അന്വേഷിച്ചു വന്നതാണോ' എന്നു കാതറൈൻ സാവധാനത്തിൽ ചോദിച്ചു.

'അല്ലാ, ഞാൻ നിനക്കു വല്ല സഹായവും ചെയ്യാമെന്നുവിചാരിച്ചു വന്നതാണ്. ഇവിടെ നിൽക്കൂ. ഞാൻ വേഗം വിളക്കു കൊണ്ടുവരാം.' എന്നു പറഞ്ഞു അയാൾ അവിടെനിന്നു പോയി.

അല്പസമയത്തിനുള്ളിൽ ഒരാൾ കയ്യിൽ ഒരു റാന്തലുമായി അവൾക്കടുത്തുചെന്നു. വിളക്കിന്റെ സഹായംകൊണ്ടു അവൾക്കു ആ ആളുകളുടെ മുഖം നല്ലവണ്ണം കാണ്മാൻ സാധിച്ചു. അതു അന്ന് കുമാരി പലവട്ടവും കണ്ട യുവഭടനായിരുന്നു.

തറയിൽ ചോരപ്പുഴയിൽ കുളിച്ചുകിടന്നിരുന്ന ശവങ്ങൾ കണ്ട് ഉള്ളിൽ കുറച്ചു ചാഞ്ചല്യമുണ്ടായെങ്കിലും അവൾ അതിനെ സധൈൎയ്യമടക്കി പ്രധറിക്കയോടും ഭടനോടുമൊന്നിച്ചു പിതാവിനെയവിടെയെങ്ങും അന്വേഷിച്ചു. പാതിരി മറഞ്ഞുവീണ സ്ഥലം എവിടെയാണെന്നു പരിചാരികക്ക് ഓൎമ്മയില്ലായിരുന്നു. ഓരോ

നിമിഷങ്ങൾ കഴിയുംതോറും കന്യകയുടെ ഉദ്വേഗം വർദ്ധിച്ചു. വളരെനേരം അന്വേഷിച്ചിട്ടും ഫലമില്ലെന്നു കണ്ട് അധൈര്യപ്പെട്ട് അവൾ രണ്ടുകൈകൊണ്ടും തന്റെ മുഖം പൊത്തിപ്പിടിച്ചു വിലപിക്കുവാൻ തുടങ്ങി.

ദയാലുവായ യുവാവ് അവളെ സമാധാനപ്പെടുത്തിയ ശേഷം ഇങ്ങിനെ പറഞ്ഞു. 'കുട്ടി നിന്റെ പ്രായത്തിന്നും ശേഷിക്കും ഒട്ടുമടുക്കാത്ത ഒരു ജോലിയാണ് നീയിപ്പോൾ കൈയേറ്റിരിക്കുന്നത്. കുട്ടി പൊയ്ക്കോളൂ, നാളെ രാവിലെ നഗരവാസികളിൽ ചിലരുടെ സഹായത്തോടുകൂടി ഞാൻതന്നെ ഇവിടെ വന്നന്വേഷിക്കാം. പാതിരിയെ തിരിച്ചറിവാനവർക്കു വലിയ പ്രയാസമുണ്ടായിരിക്കയില്ല. ഒരുവേള അയാൾ ജീവിച്ചു എന്നും വരാം.'

കാതറൈൻ—ആരംഭിച്ച കൃത്യം പൂർത്തിയാക്കാതെ ഞാൻ തിരികെ പോകയില്ല.

ഭടൻ—കുട്ടി! ഞാൻ പറയുന്നതു കേൾക്കു. ഞാനൊരു വെറുംഭടൻമാത്രമാണ്. എനിക്കു പക്ഷേ ഒരു യോദ്ധാവിന്നുടുത്ത ധീരതയുണ്ടായിരിക്കാം. എന്നാലും നിന്റെ ധൈര്യം കണ്ട് എനിക്കാശ്ചര്യം തോന്നുന്നു. നീയൊരടിമയായിരിക്കുവാനുള്ളവളല്ല. കൂടാരത്തിൽ തിരിച്ചു ചെന്നാൽ നിനക്കു സേനാധിപതിയുടെ ദാസ്യം വഹിക്കാതെ വേറെ ഗതിയുമില്ല അതുകൊണ്ട് ഈ തരം വെറുതെ കളയരുത്. ഓടി രക്ഷപ്പെട്ടുകൊള്ളൂ. ആരുമറിയുകയില്ല. കൈവശം പണമില്ലെങ്കിൽ ഞാൻ തരാം. എന്നുപറഞ്ഞു ഒരു മടിശ്ശീലയെടുത്തുനീട്ടി. പ്രദ്ധറിക്ക അതു വേഗം വാങ്ങി, 'അങ്ങേ ഈശ്വരനാണ് ഞങ്ങളുടെ അടുക്കലേക്കയച്ചത്. കുട്ടി, എന്താ

ണനങ്ങാതെ നില്ക്കുന്നത്. നമുക്കിപ്പോഠംതന്നെ പൊസ്ക്കുളയരുതേ, വത്സ, എന്നു പറഞ്ഞു.

കാതറൈൻ—ഓടിപ്പൊസ്ക്കുളയുകയോ? ഒരിക്കലുമില്ല. ഞാൻ സൈന്യാധിപനോടു വാക്കു കൊടുത്തുംവെച്ചാണ് പോന്നത്. അത്ര സാരമില്ലെന്നാണോ വിചാരിക്കുന്നത്?

ഭടൻ—ഒരുപുരുഷൻെറ വാഗ്ദാനത്തിനും ഒരു സ്ത്രീയുടെ—ഒരു പെൺകുട്ടിയുടെ—വാഗ്ദാനത്തിനും തമ്മിൽ വളരെ ഭേദമുണ്ട്. ബന്ധുക്കളും കുടുംബവുമൊന്നുമില്ലാത്ത നീ വാക്കിനു ഭംഗംവരുത്തിയാൽ അത്ര വകവെക്കുവാനില്ല. തിരികെ പോയാലത്തെ അപകടം നല്ലപോലെ ആലോചിച്ചുനോക്കാഞ്ഞിട്ടാണിങ്ങിനെ പറയുന്നത്. ഈ ജന്മം മുഴുവൻ ദാസ്യപ്രവൃത്തിയിൽ കഴിക്കാമെന്നാണോ നിൻെറ വിചാരം? രക്ഷപ്പെടുന്നതാണേ നല്ലത്.

ഭടനും പ്രഢറിക്കും കഴിയുന്നത്ര ശ്രമിച്ചിട്ടും കാതറൈനിൻെറ നിശ്ചയത്തിന്നു വ്യത്യാസം വന്നില്ല. അവളുടെ മറുപടി ഇപ്രകാരമായിരുന്നു:—

'എൻെറ വിധി എങ്ങിനെയാണെന്ന് എനിക്കു തീച്ചയില്ല. ഞാൻ സ്വജനങ്ങളും മറവുമില്ലാത്ത ഒരു കുട്ടി മാത്രമാണെന്ന് എനിക്കറിയുകയും ചെയ്യാം. എന്നാൽ ആ ഒരു കാരണം ഒരു തെററായ പ്രവൃത്തി ചെയ്യുന്നതിന്നെന്നെ പ്രേരിപ്പിക്കയില്ല. പ്രതിജ്ഞയ്ക്കു വിരോധമായി പ്രവത്തിക്കുവാൻ പാടില്ല.' 'പ്രഢറിക്കേ, ആ പണസ്സഞ്ചി അദ്ദേഹത്തിന്നു തിരികെ കൊടുക്കു.' എന്നു വൃദ്ധയോടാജ്ഞാപിച്ചു, കുമാരി അന്വേഷണംതുടന്നു

ആ ക്ഷണത്തിൽ അവർ നിന്നിരുന്നതിന്നടുത്ത് 'അയ്യോ' എന്നു ദീനസ്വരത്തിലൊരു നിലവിളി കേട്ടു. കാതറൈൻ, ചെവിയോൎത്തുനിന്നു. അതു പാതിരിയുടെ ശബ്ദമാണെന്ന് അവൾക്കു തോന്നി. ആൎത്തനാദം വീണ്ടും കേട്ടപ്പോൾ അതുത്ഭവിച്ച സ്ഥലത്തേക്ക് അവൾ ഓടി ച്ചെന്നു. ഒരു വൃദ്ധൻ അവിടെ കിടക്കുന്നതുകണ്ടു കുനി ഞ്ഞു സൂക്ഷിച്ചുനോക്കി. 'അയ്യോ പ്രഡറിക്കേ ഓടി വരു. വിളക്കു ഇങ്ങോട്ടു കൊണ്ടുവരു. അച്ഛനിതാ! ഓടി വരു.' റാന്തലെടുത്തു പ്രഡറിക്ക് സ്റ്റാറൻസ്റ്റിയുടെ അടു ക്കൽചെന്നു, 'യജമാനനേ, യജമാനനേ' എന്നു വിളിച്ചു അച്ഛാ! അച്ഛാ! എന്നു കാതറൈനും മുറവിളികൂട്ടി. ആ വൃദ്ധൻ മൂളിയതല്ലാതെ ഒന്നും ഉച്ചരിച്ചില്ല. പ്രഡറിക്കു പാതിരിയുടെ മുഖത്തു വെളിച്ചം തട്ടത്തക്കവണ്ണം റാന്തൽ തിരിച്ചുപിടിച്ചു. അച്ഛന്റെ മുറിവ് എവിടെയാണെ ന്നറിവാൻ ബദ്ധപ്പെട്ടു, കാതറൈൻ, അയാളുടെ കയ്യു യൎത്തിനോക്കി. പെട്ടെന്നു അയ്യോ എന്നു നിലവിളിച്ചു കൊണ്ടു വൃദ്ധൻ കണ്ണു തുറന്നു. തന്റെ ഓമനമകളും പരിചാരികയും അടുത്തു നില്ക്കുന്നതുകണ്ട് അയാൾ ക്ഷീ ണസ്വരത്തിൽ, എന്നെ എവിടെയാണു കിടത്തിയിരി ക്കുന്നത്? എന്നു ചോദിച്ചു.

കുമാരിയുടെ കണ്ണുകളിൽനിന്നു ഹൎഷാശ്രുക്കൾ പൊഴിഞ്ഞു. അവൾ പിതാവിന്റെ നെററിമേൽ ചുംബിച്ചു. 'ഇതു പടക്കളംതന്നെയാണ്. അച്ഛന് എ ഴുന്നേല്ക്കാമോ, ഞാൻകൂടി പിടിച്ചുകൊള്ളാം' എന്നു പറ ഞ്ഞു; എഴുന്നേല്ക്കുവാൻ വഹിയാഎന്നു പാതിരി ആംഗ്യം കാണിക്കുന്നതുകണ്ടു യുവഭടൻ അടുത്തുചെന്നു. തന്റെ

കൈവശമുണ്ടായിരുന്ന ഒരു കുപ്പി, പെൺകുട്ടിയുടെ കയ്യിൽ കൊടുത്തു, 'ഇതു ബ്രാൻഡിയാണ്, കുറച്ച് അദ്ദേഹത്തിനു കൊടുക്കു' എന്നു പറഞ്ഞു.

പാതിരി മദ്യം സേവിക്ക പതിവില്ലായിരുന്നുവെങ്കിലും ആപൽഘട്ടങ്ങളിൽ ഔഷധത്തിൻെറ സ്ഥാനത്ത് അതുപയോഗിക്കുന്നതുകൊണ്ടു ദൂഷ്യമില്ലെന്നു നിശ്ചയിച്ച് അതിൽ കുറച്ചു കുടിച്ചു. ക്ഷീണത്തിനല്പം കുറവു തോന്നിയതിനാൽ അയാഠം എഴുനേൽക്കാൻ ശ്രമിച്ചു എങ്കിലും സാധിച്ചില്ല. സഹായാത്ഥം കാതറൈൻ കൈക്കുപിടിക്കുവാൻ ഭാവിച്ചപ്പോഠം പാതിരി 'വേണ്ട എൻെറ കയ്യൊടിഞ്ഞിരിക്കയാണ്' എന്നുപറഞ്ഞു പിന്നെയും അവശനായി നിലത്തുകിടന്നു.

കാതറൈൻ— 'എൻെറ ദൈവമേ, ഞാനെന്താണു വേണ്ടത്? അച്ഛന് എഴുന്നേല്ക്കുവാൻകൂടി മേലെങ്കിൽ പിന്നെ എങ്ങിനെയാണിവിടെനിന്നു പോകുന്നത്?'

യുവാവ്—നിങ്ങഠം ഇവിടെത്തന്നെയിരിക്കുവിൻ ഞാൻ പോയി രണ്ടു വേലക്കാരെ ഇങ്ങോട്ടയക്കാം. പാതിരിയെ അവർ അയാളുടെ വീട്ടിൽ കൊണ്ടാക്കും. മുറിവു വെച്ചുകെട്ടുന്നതിന് ഒരു ഡാക്ടരേയും ഞാൻ പറഞ്ഞയക്കാം! കുട്ടി ഇനിയെങ്കിലും താമസിക്കാതെ വല്ലയിടത്തും പൊയ്ക്കളയുന്നതാണ് നല്ലത്. ഈ തരം പാഴിൽ കളഞ്ഞാൽ പിന്നെ വിചാരിച്ചിട്ടു ഫലമില്ല. 'എന്തായാലും ഞാൻ വാക്കിനു ഭംഗം വരുത്തുകയില്ല' എന്നു കന്യക ഉത്തരംപറഞ്ഞു. ഈ സംഭാഷണം ക്ഷീണത്താൽ മയങ്ങിക്കൊണ്ടിരുന്ന പാതിരി കേട്ടില്ല.

യോദ്ധാവു പോയി. ഏകദേശം അരമണിക്കൂർ കഴിഞ്ഞപ്പോൾ രണ്ടു ഭടന്മാർ ഒരു മഞ്ചലുമായി അവിടെയെത്തി. കൂടെയൊരു വൈദ്യനുമുണ്ടായിരുന്നു. ഡാക്ടർ സ്റ്റാറൻസ്കിയുടെ കൈ യഥാസ്ഥിതിയിൽ വെച്ചുകെട്ടിയ ശേഷം പടയാളികൾ അയാളെ മഞ്ചലിൽകിടത്തി എടുത്തുകൊണ്ടുപോയി. പ്രഡറിക്കയും കാതറൈനും വഴി കാണിച്ചുകൊണ്ട് അവരുടെ മുമ്പേ നടന്നു. പാതിരിയുടെ ഭവനത്തിലെത്തുന്നതുവരെ പരോപകാരിയായ സുന്ദരയുവാവായിരുന്നു നമ്മുടെ ബാലികയുടെ ചിന്തയ്ക്കു വിഷയമായിരുന്നത്.

നാലാം അദ്ധ്യായം

പടയാളികൾ സ്റ്റാറൻസ്കിയെ അയാളുടെ വീട്ടിൽ ഒരു മെത്തമേൽ കിടത്തി. കാതറൈൻ അവക്കു കൂലി കൊടുക്കുവാൻ ഭാവിച്ചപ്പോൾ തങ്ങൾക്കു യാതൊന്നുമാവശ്യമില്ലെന്നു പറഞ്ഞ് അവർ അവിടെനിന്നും പോയി. രോഗിക്കു സേവിക്കുവാനും മുറിവിൽ പുരട്ടുവാനുമുള്ള മരുന്നുകൾ പ്രഡറിക്കയെ ഏല്പിച്ച് അവയുടെ ഉപയോഗക്രമവും പറഞ്ഞുകൊടുത്തശേഷം വൈദ്യനും അവരെ അനുഗമിച്ചു.

പെൺകുട്ടി രാത്രിമുഴുവനും പിതാവിൻെറ അടുക്കൽ ഇരുന്നു കഴിച്ചുകൂട്ടി. നേരം വെളുത്തപ്പോഴെയ്ക്കു പാതിരിക്ക് എഴുന്നേററിരിക്കാറായി.

കാതറൈനും പരിചാരികയും അടുത്തിരിക്കുന്നതു കണ്ട്,

സ്ലാറൻസ്കി— മകൾ എങ്ങിനെയാണിന്നലെ എൻെറ അടുക്കൽ വന്നുചേൎന്നത്?

കുമാരി—'ദൈവം എന്നെ അച്ഛൻെറ അടുക്കൽ കൊണ്ടുവന്നുവിട്ടു എന്നേ പറവാനുള്ളു' എന്നു പറഞ്ഞു. ലിവോണിയയിൽ എത്തിയതുമുതൽ സ്ലാറൻസ്കിയെ കണ്ടുമുട്ടിയതുവരെയുള്ള സംഭവങ്ങളെല്ലാം വിസ്തരിച്ചു കേൾപ്പിച്ചു. തൻെറ പ്രിയപുത്രി ഇനിമേൽ റഷ്യൻ സേനാധിപൻെറ ഭൃത്യയാണെന്നറിഞ്ഞപ്പോൾ ആ വൃദ്ധനുണ്ടായ മനസ്താപം അവൎണ്ണനീയമായിരുന്നു. പാതിരിയും പരിചാരികയും അവളുടെ വിരഹമോൎത്തും, കാതറൈൻ അവരെ പിരിഞ്ഞുപോകുന്നതിനുള്ള വൈമനസ്യം നിമിത്തവും വളരെനേരം കരഞ്ഞു. ഒടുവിൽ പ്രധരിക്ക യജമാനനോടിങ്ങിനെ പറഞ്ഞു.

'യജമാനൻതന്നെയൊന്നു നിൎബ്ബന്ധിക്കണം. തിരികെ പോകേണ്ടായെന്നു ഞാൻ പറഞ്ഞിട്ട് ഇവൾ കേൾക്കുന്നില്ല. എനിക്കു വയസ്സായി. ഇവിടെ യജമാനനെ ശുശ്രൂഷിക്കുവാനും വീട്ടുജോലി നോക്കുവാനും ഞാൻതന്നെയായാൽ മതിയാകയില്ല. യജമാനനു വല്ല ദീനവും വന്നാൽ പരിചരിക്കുവാൻ ഇവിടെ വേറെയാരുണ്ട്? അതുകൊണ്ട് അവളെ അയക്കരുത്. എന്നുതന്നെയല്ല തിരികെവരാമെന്നവൾ വാക്കുകൊടുത്തതു മനസ്സോടെയല്ലല്ലോ. വേറെ നിവൃത്തിയില്ലാത്തതുകൊണ്ടല്ലേ അങ്ങനെ ചെയ്തത്. നേരേമറിച്ചു മനസ്സോടെ കൊടുത്തതായിരുന്നുവെങ്കിൽ സത്യലംഘനംചെയ്യാൻ ഞാൻ നൊരിക്കലും നിൎബ്ബന്ധിക്കയില്ലായിരുന്നു.'

സ്കാറൻസ്കി—(കുറച്ചാലോചിച്ചശേഷം) എന്റെ മകഠം തിരികെ ചെല്ലാമെന്നു പ്രതിജ്ഞ ചെയ്തിട്ടുണ്ടോ?

കാതറൈൻ— അച്ഛാ ഞാൻ പ്രതിജ്ഞ ചെയ്തിട്ടുണ്ട്. എനിക്കിനി അച്ഛനെ പിരിഞ്ഞുപോകാതെയെന്താണു നിവൃത്തി. എന്തെല്ലാം കഷ്ടപ്പാടാണ് എനിക്കിനി വരാൻപോകുന്നതെന്ന് ആൎക്കുമറിഞ്ഞുകൂടാ. എങ്കിലും സത്യഭംഗം വരുത്തുവാനെനിക്കു ധൈൎയ്യമില്ല.

പാതിരി— ദൈവവിധിയെ തടയുവാനാൎക്കും കഴികയില്ല. കുഞ്ഞേ നീ വാക്കു കൊടുത്തിട്ടുണ്ടെങ്കിൽ പോകണം. നിന്റെ കൃത്യമാണത്. ഈശ്വരൻ നിന്നെ രക്ഷിച്ചുകൊള്ളും.

വ്യസനംകൊണ്ട് എഴുന്നേല്ക്കുവാൻ ശക്തിയില്ലാതെ വളരെനേരം വിലപിച്ചശേഷം കാതറൈൻ അച്ഛനോടും പ്രധറിക്കയോടും യാത്രപറഞ്ഞു ഒരു ഭ്രാന്തയെപ്പോലെ ഭവനത്തിൽനിന്നു തിരിച്ചു. ഈശ്വരവിശ്വാസത്തിന്റെ ഫലമായി അവഠംക്കു ക്ഷണേന മനോധൈൎയ്യവുമുണ്ടായി.

വഴിക്ക് അവളുടെ വിചാരങ്ങഠം ഇപ്രകാരമായിരുന്നു:—

അച്ഛൻ എന്നെ സ്വന്തം പുത്രിയെപ്പോലെയാണ് ഇതുവരെയും വളൎത്തിയത്. കേവലം ഭൂതദയകൊണ്ടു മാത്രം ഇങ്ങിനെ എനിക്കുചെയ്ത ഉപകാരത്തിന് ഒരു പ്രത്യുപകാരംചെയ്വാൻ സാധിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഇപ്പോഠം ദൈവഗത്യാ അതിനു സംഗതി വന്നതിൽ എനിക്ക് അളവററ ചാരിതാൎത്ഥ്യമുണ്ട്. എന്നെ

ലിവോണിയയിൽനിന്ന് ഇവിടെ കൊണ്ടുവന്നതും എല്ലാം ഈശ്വരൻതന്നെയാണ്. എന്നെ റഷ്യൻഭടന്മാർ തടവുപുള്ളിയാക്കിയതും ഗുണമായിട്ടാണു പരിണമിച്ചത്. അങ്ങിനെ തടവുപുള്ളിയായില്ലെങ്കിൽ ഞാൻ സേനാപതിയെ കാണ്മാൻ പോകയില്ലായിരുന്നു. കൂടാരത്തിൽ പോയില്ലായിരുന്നു എങ്കിൽ, ഫ്രഡറിക്കയെ കാണ്മാനും അച്ഛൻ യുദ്ധഭൂമിയിൽ കിടക്കുകയാണെന്നറിവാനും ഇടവരികയില്ലായിരുന്നു. ഏതായാലും ഈശ്വരകാരുണ്യംകൊണ്ട് എൻെറ രക്ഷിതാവിൻെറ ജീവൻ രക്ഷിക്കുവാൻ ഭാഗ്യമുണ്ടായതിനു ശേഷമാണല്ലോ എനിക്കു പിതാവിനെ പിരിഞ്ഞുപോകേണ്ടിവന്നത്. ഇനിമേൽ ഞാനൊരു നിർഭാഗ്യയായ ഭൃത്യമാത്രമാണ്. എൻെറ ദാസ്യപ്രവൃത്തി എത്രമേൽ കഷ്ടമായിരുന്നാലും ഞാനൊരു വലിയകടം വീട്ടിയതുകൊണ്ടുള്ള കൃതാർത്ഥത എൻെറ മനസ്സിനെ സമാധാനപ്പെടുത്തും.

ഈദൃശങ്ങളായ വിചാരങ്ങളിൽ ലയിച്ചു വഴിയറിയാതെ അവൾ റഷ്യൻ സേനാപതിയുടെ വാസസ്ഥലത്തെത്തി. കൂടാരത്തിൽ പ്രവേശിച്ചപ്പോൾ തലേദിവസം തനിക്കു വളരെയുപകാരംചെയ്ത യുവാവ് അവിടെനിൽപ്പുണ്ടായിരുന്നു. അയാളെ കണ്ടപ്പോൾ കൃതജ്ഞതാസൂചകമായ ഒരു മന്ദഹാസം കുമാരിയുടെ അധരപുടങ്ങളെ വികസിപ്പിച്ചു. ഭടനും പുഞ്ചിരി തൂകി.

കാതറൈൻ വന്നതു സേനാധിപനെ കാണ്മാനാണെന്നറിഞ്ഞ് അയാൾതന്നെ അവൾക്കു സേനാപതിയെ കാണിച്ചുകൊടുത്തു. അദ്ദേഹം അപ്പോൾ തടവിൽ

പിടിക്കപ്പെട്ട മാറിൻബർഗ്ഗ് നിവാസികളിൽ ച ബോധിപ്പിക്കുന്ന സങ്കടങ്ങൾ കേട്ടുംകൊണ്ടിരിക്കയായ രുന്നു.

പേൺകുട്ടിയെ കണ്ടപ്പോൾ,

സേനാപതി— നീ തിരികെ വന്നുവോ? വരികയില്ലയോ എന്നു ഞാൻ ശങ്കിച്ചു.

തറൈൻ— എൻെറ വാക്കിൽ അവിടുത്തേക്കു വിശ്വാ സമില്ലയോ. ഞാൻ വാഗ്ദാനം ചെയ്യാലതിനു വിപ രീതം പ്രവൎത്തിക്കാറില്ല.

സൈന്യാധിപൻ— (ഒരു പുഞ്ചിരിയോടുകൂടി) നീ നല്ല ബുദ്ധിയും വിവേകവുമുള്ള ഒരു പെൺകുട്ടിയാണ്. എൻെറ ഭൃത്യയായിരിക്കുവാൻ കൊള്ളാം. രണ്ടുപേൎക്ക് ആഹാരത്തിനുള്ളതെല്ലാം വട്ടംകൂട്ടിക്കൊണ്ടുവാ. നന്നാ യിരിക്കുമോയെന്നു നോക്കട്ടെ.

സമീപത്തു നിന്നിരുന്ന ഒരു ഭടൻ അവളെ കൂടാര ത്തിൽത്തന്നെയുള്ള വേറൊരു മുറിയിലേക്കു കൂട്ടിക്കൊണ്ടു പോയി. അവിടെ ഭക്ഷണം പാകംചെയ്യുന്നതിനു വേണ്ട സാമഗ്രികളെല്ലാമുണ്ടായിരുന്നു. പക്ഷേ താൻമുമ്പു ക ണ്ടിട്ടില്ലാത്ത ചില ആഹാരപദാൎത്ഥങ്ങളവിടെ കാണു കയാൽ അവയെ പാകംചെയ്യേണ്ടതെങ്ങിനെയാണെ ന്നറിയാതെ അവൾ കുഴങ്ങി. എങ്കിലും കാലവിളംബം അനാവശ്യവും അനുചിതവുമാണല്ലോ എന്നു വിചാരി ച്ച് അവൾ ചിലതെല്ലാമെടുത്തു യുക്തിക്കൊത്തപോലെ പാകംചെയ്തു ചെറിയ കിണ്ണങ്ങൾക്കകത്താക്കി.

കാതറൈൻ ഭക്ഷണസാധനങ്ങളെ എടുത്തുകൊണ്ടു

തിരികെ സേനാധിപൻെറ അരികെ ചെന്നപ്പോൾ അ ദ്ദേഹത്തിൻെറ അരികിൽ നമ്മുടെ സുന്ദരയുവാവും കൂടി യുണ്ടായിരുന്നു. അവർ ഒരു മേശയുടെ ഇരുവശത്തുമായി ഇരുന്നു ചില റിക്കാർട്ടുകൾ പരിശോധിക്കയായിരുന്നു. പെൺകുട്ടി പാത്രങ്ങളെല്ലാം മേശപ്പുറത്തു നിരത്തിവെച്ചു. ഭടനും സേനാപതിയും കടലാസ്സുകളെല്ലാം നീക്കിവെച്ചു സൈപരസല്ലാപങ്ങളോടുകൂടി ആഹാരം കഴിച്ചുതുടങ്ങി. റഷ്യൻ സേനാബലത്തിൻെറ അധിപനായ ഉദ്യോഗ സ്ഥൻ വെറും ഒരു ഭടനോട് ഇത്രവളരെ പരിചയം കാ ണിക്കുന്നതുകണ്ടു കാതറൈൻ വിസ്മയിച്ചു. എങ്കിലും സൈന്യങ്ങളുടെ ഇടയിലുള്ള ഏപ്പാടുകൾ തനിക്കു അറി വില്ലാത്തതിനാൽ നടപ്പങ്ങിനെയായിരിക്കുമെന്നു വിചാ രിച്ചു സമാധാനിച്ചു.

സംഭാഷണത്തിന്നിടയിൽ യുവാവു കാതറൈനെ നോക്കി 'കുട്ടിക്ക് എത്രവയസ്സായി' എന്നു ചോദിച്ചു.

'പതിമൂന്നു വയസ്സുകഴിഞ്ഞു' എന്നു അവൾ ഉത്ത രംപറഞ്ഞു.

യുവാവു—'ധൈയ്യംമാത്രം പ്രായത്തിന്നടുത്തതല്ല. ഹേ നിങ്ങളിന്നലെ കണ്ടില്ലയോ, ഈ കൊച്ചുകുട്ടി പട ക്കളത്തിൽ ശവങ്ങളുടെ ഇടയിൽക്കൂടി അവളുടെ അച്ഛ നെ തിരഞ്ഞുപോകുന്നതു കാണ്മാനുള്ളതായിരുന്നു. ഒട്ടും തന്നെ കൂസലില്ല. കണ്ടിരുന്നെങ്കിൽ നിങ്ങൾ ഇവൾ ക്കൊരു സമ്മാനം കൊടുക്കുമായിരുന്നു.' അനന്തരം ഭടൻ കന്യകയെ നോക്കി കുട്ടിക്കു മൃതശരീരങ്ങൾകണ്ടു ഭയവും അറപ്പും ഒന്നുമുണ്ടായില്ലേ എന്നു ചോദിച്ചു.

കാതറൈൻ (ലജ്ജകൊണ്ടു മുഖം താഴ്ത്തി) എനിക്ക് അറപ്പില്ലാഞ്ഞിട്ടല്ല. അച്ഛനെ കാണ്മാനുള്ള ആഗ്രഹം കൊണ്ടു ഞാന് പൂമറപ്പുമൊന്നും അറിഞ്ഞില്ല എന്നേയുള്ളു.

സേനാപതി--അതിലത്ര അതിശയിക്കുവാനൊന്നുമില്ല. പാതിരിയുടെകൂടെ താമസിച്ചിരുന്നതുകൊണ്ട് ഇതിന്നു മുമ്പുതന്നെ ഇവൾക്കു മൃതശരീരങ്ങൾ കാണ്മാൻ പലപ്പോഴും ഇടവന്നിരിക്കും.

കാതറൈൻ—ഞാൻ ഇതിന്നുമുൻപു ആകെ രണ്ടു ശവശരീരങ്ങളെ മാത്രമേ കണ്ടിട്ടുള്ളു.

യുവഭടൻ—അല്ലെങ്കിൽ മൃതദേഹങ്ങളുടെ ഇടയിൽക്കൂടി നടക്കുന്നതിന്നധികം ഭയപ്പെടാനില്ല. ചുണയുണ്ടെങ്കിൽ യുദ്ധസമയത്തു പോർക്കളത്തിൽ നടക്കട്ടെ. അപ്പോൾകാണാം ധൈര്യമെല്ലാം പൊട്ടിത്തെറിച്ചുപ്പോകുന്നത്.

കുമാരി—(ഇതു കേട്ടു ചിരിച്ചുകൊണ്ട്) 'ഇന്നലെ നഗരത്തിന്നു വെളിയിൽവെച്ചു ഗാട്ടുകാരിലാരോ എൻെറനേരെ വെടിവെച്ചതു കണ്ടില്ലേ. അപ്പോൾ എനിക്കു തീരെ ഭയമുണ്ടായില്ലല്ലോ' എന്നുപറഞ്ഞു.

ഭടൻ—ഉള്ളതാണവൾ പറഞ്ഞത്. ഞാനതു മുൻപു പറവാൻ മറന്നുപോയി. നമ്മളിലാരെങ്കിലും ആയിരുന്നുവെങ്കിൽത്തന്നെ ഇത്രയും ധൈര്യം കാണിക്കുവാൻ സാധിക്കയില്ല. ഇവൾ കുറച്ചുകൂടി പ്രായമായാൽ ഒരു ധീരയുവതിയായിത്തീരും.

സേനാപതി—ഇവരും എൻെറ ഭൃത്യയായിരിക്കുവാൻ കൊള്ളുകയില്ല. ദേഹണ്ഡപ്പും മററും മഹാമോശം.

യുവാവു— നിങ്ങൾക്കിവളെ ആവശ്യമില്ലെങ്കിൽ എനിക്കു തന്നേക്കണം.

സേനാപതി—ഇവളെ എന്തുചെയ്യാനാണ്.

യുവാവു — എന്തുചെയ്യാനാണെന്നോ ഞാനെൻെറ ഭാര്യയാക്കും. ഒരു ഭടൻെറ ഭാര്യയായിരിക്കുവാൻ ജനിച്ചവളാണിവൾ.

സേനാപതി—അവൾക്കതു സമ്മതമല്ലെങ്കിലോ.

ഭടൻ—അതു നമുക്കിപ്പോൾത്തന്നെ അറിയാവുന്ന കാര്യമാണല്ലോ. അനന്തരം യുവാവു പെൺകുട്ടിയോട് ആട്ടേ നീയെൻെറ ഭാര്യയായിരിക്കുമോ എന്നു ചോദിച്ചു.

കാതറൈൻ ഈ ചോദ്യംകേട്ടു കുഴങ്ങി. കുറച്ചുനേരത്തേയ്ക്ക് ഒന്നും പറഞ്ഞില്ല. 'കുട്ടിയെന്തുപറയുന്നു' എന്നു ഭടൻ വീണ്ടും ചോദിച്ചപ്പോൾ കാതറൈൻ 'എനിക്കതിൽ വിശേഷിച്ചൊന്നും പറവാനില്ല. സേനാനായകൻെറ അടിമയായിരിക്കുന്നതിനേക്കാൾ ഒന്നുകൂടി നല്ലതു ഒരു ഭടൻെറ പത്നിയായിരിക്കുന്നതാണ്.'

'ബലേ, ഇങ്ങിനെ വേണം ഉത്തരംപറയാൻ. നീ ഇക്ഷണംമുതൽ എൻെറ ഭാര്യയാണ്' എന്നു പറഞ്ഞു യുവാവ് അവളുടെ കൈപ്പിടിച്ചു. സേനാപധി വേഗം കസാലയിൽനിന്നെഴുന്നേററ് 'അയ്യോ നല്ലവണ്ണം ആലോചിച്ചുവേണേ' എന്നു പറഞ്ഞു.

ഭടൻ—നിങ്ങൾ പറഞ്ഞത് എനിക്കു മനസ്സിലായി. പക്ഷേ ശേഷമുള്ളവർ ചെയ്യുന്നതുപോലെയല്ല ഞാൻ ചെയ്യാറുള്ളതെന്നു നിങ്ങൾക്കറിയാമല്ലോ. ഈ കന്യക

യിൽ എനിക്കു വളരെ പ്രതിപത്തി തോന്നുന്നു. ഇവരു കളെ ധൈര്യവും സത്യവും അസാമാന്യമായിട്ടുണ്ട്. ഇവളുടെ സ്വഭാവവും നന്നായിരിക്കണം. എന്റെ പ്രവൃത്തി ഉചിതമോ അല്ലയോ എന്നു വഴിയെ നിങ്ങൾക്കു മനസ്സിലാകും. ഏതായാലും ഞാൻ നിശ്ചയിച്ചുകഴിഞ്ഞു. ഇവൾതന്നെ എന്റെ ഭാര്യ. ഞാൻ ഇനി പോകുന്നു. കുട്ടി എന്റെകൂടെ വരു.

ഇത്രയുംപറഞ്ഞു യുവാവു കാതറൈനുമൊന്നിച്ചു കൂടാരത്തിൽ നിന്നിറങ്ങി ഉദ്ദേശം കാൽമൈൽദൂരേ കാണപ്പെട്ട മറെറാരു കൂടാരത്തിന്റെ നേക്കു നടന്നുപോകുംവഴിക്കു,

ഭടൻ — ഞാനാരാണെന്നു നിനക്കറിയാമോ.

കുമാരി— അറിഞ്ഞുകൂടാ.

ഭടൻ—പിന്നെ എന്തുദ്ദേശിച്ചാണ് എന്റെ ഭാര്യയായിരിക്കാമെന്നു സമ്മതിച്ചത്.

കാതറൈൻ— നിങ്ങൾ എന്റെ ഭാര്യയായിരിക്കാമോ എന്നു ചോദിച്ചു. നിങ്ങളെപ്പററി ദോഷമായിട്ടൊന്നുംതന്നെ എനിക്കറിവില്ല. എന്നുതന്നെയല്ല കേവലം അനാഥയും അപരിചിതയുമായ എനിക്കു നിങ്ങൾ ഇന്നലെചെയ്ത ഉപകാരമോത്തു നിങ്ങൾ ഗുണവാനാണെന്നും നിങ്ങളെ ഭത്താവായി സ്വീകരിക്കുന്നതുകൊണ്ട് എനിക്കു ശ്രേയസ്സല്ലാതെ ദോഷമൊന്നുമുണ്ടാകയില്ലെന്നും എനിക്കു ബോദ്ധ്യമായി.

ഭടൻ— എനിക്കു സൈന്യത്തിലെന്തുദ്യോഗമാണെന്നു നിനക്കറിയേണ്ടയോ.

കാതറൈൻ— അറിഞ്ഞാൽകൊള്ളാം. പക്ഷ എനിക്കു കുടുംബവുമാഭിജാത്യവുമൊന്നുമില്ലാത്തതുകൊണ്ട് എന്നെയാരു വിവാഹംചെയ്താലും എനിക്ക് ഒരുപോലെയാണ്. എൻെറ ഭത്താവു സത്സ്വഭാവിയായിരിക്കണമെന്നേയുള്ളു. അതുകൊണ്ടു നിങ്ങറം വെറും ഒരു പടയാളിയായാലും വലിയ ഉദ്യോഗസ്ഥനായാലും എനിക്കു വ്യത്യാസമൊന്നുമില്ല.

ഭടൻ— അപ്പോറം ഞാനൊരു പാവപ്പെട്ട ഭടൻ മാത്രമായതുകൊണ്ടു നിനക്കു കുണ്ഠിതമൊട്ടുമില്ല. അല്ലേ?

കാതറൈൻ— ഇല്ല. നിങ്ങറം എന്നോട് ഒരിക്കലും വേർപിരിഞ്ഞുപോകയില്ലെങ്കിൽ അതുകൊണ്ടെനിക്കു സന്തോഷമേയുള്ളൂ.

കൂടാരത്തിൻെറ മുൻവശത്തെത്തിയപ്പോറം, യുവാവു കുമാരിയോട് 'ഇവിടെ നില്ക്കൂ. ഇതു ചക്രവത്തിയുടെ കൂടാരമാണ്. അദ്ദേഹത്തിൻെറ സമ്മതംകൂടാതെ എനിക്കു നിന്നെ വിവാഹംചെയ്വാൻ പാടില്ല. നീയിവിടെ നിന്നാൽമതി. ഞാൻ ചക്രവത്തിയെക്കണ്ട് അനുവാദം വാങ്ങിക്കൊണ്ടുവരാം' എന്നുപറഞ്ഞ് അകത്തേയ്ക്കു കയറിപ്പോയി.

കുമാരിക്ക് അധികനേരം അവിടെ കാത്തുനില്ക്കേണ്ടിവന്നില്ല. ഭത്താവുപോയി കുറച്ചുസമയം കഴിഞ്ഞപ്പോറം ഒരുദ്യോഗസ്ഥൻ വാതുക്കൽവന്നു 'ചക്രവത്തി തിരുമനസ്സുകൊണ്ടു കുട്ടിയെ കാണണമെന്നു കല്പിക്കുന്നു. അങ്ങോട്ടുവരൂ' എന്നുപറഞ്ഞു. അവറം അയാളെ അനുഗമിച്ച് അകത്തുചെന്നപ്പോറം അവിടെ അനേകം ഉ

ദ്യോഗസ്ഥന്മാർ വിനീതഭാവത്തിൽ നില്ക്കുന്നതും, അവരുടെ മദ്ധ്യത്തിൽ മുപ്പതു വയസ്സോളം പ്രായമുള്ള ഒരു യുവാവു സിംഹാസനത്തിലിരിക്കുന്നതും കണ്ടു.

ആ യുവാവു തൻെറ ഭത്താവായ ഭടനാണെന്നുകണ്ടു വിസ്മയിച്ചു, കാതറൈൻ അടുത്തുനിന്നിരുന്ന ഉദ്യോഗസ്ഥനോടു 'ചക്രവത്തിയെവിടെ' എന്നു ചോദിച്ചു. അയാൾ ആസനസ്ഥനായ പുരുഷനെ ചൂണ്ടിക്കാണിച്ചുകാട്ടത്തു. 'അതോ? അതെൻെറ ഭത്താവാണല്ലോ.'

ഇതുകേട്ട് അവിടെ നിന്നിരുന്ന ഉദ്യോഗസ്ഥന്മാരെല്ലാം ആശ്ചയ്യപ്പെട്ടു. അവർ സസംഭ്രമം ഇരുവശങ്ങളിലുമായി ഒതുങ്ങിനിന്നു. 'നിൻെറ ഭത്താവും ചക്രവത്തിയുമൊന്നുതന്നെയാണെ'ന്നു പറഞ്ഞു. പീററർ ഒന്നാമൻ അവളെ കൈക്കുപിടിച്ച് അദ്ധ്യാസനത്തിലിരുത്തി. അവളുടെ പരിഭ്രമംകണ്ടു ചക്രവത്തി ചിരിച്ചുംകൊണ്ട് 'എന്താണ് ചക്രവത്തിനിയായതുകൊണ്ടു നിനക്കു വ്യസനമാണോ' എന്നു ചോദിച്ചു.

കാതറൈൻ— 'എനിക്കു വ്യസനമൊന്നുമില്ല. ഞാനവിടുത്തെ ഒരു ഭടനാണെന്നു വിചാരിച്ചു സ്നേഹിച്ചു. ഇപ്പോൾ എൻെറ ഭത്താവു ചക്രവത്തിയാണെന്നറിഞ്ഞതുകൊണ്ട് ആ സ്നേഹത്തിന് ഒരു വ്യത്യാസവും വന്നിട്ടില്ല.' ചക്രവത്തി പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു. 'ഇതാ ഈ നില്ക്കുന്ന പടയാളികളെല്ലാം ഇപ്പോൾ മുതൽ നിൻെറ ശാസനകേട്ടു നടക്കേണ്ടവരാണ്. രഷ്യാസാമ്രാജ്യം മുഴുവൻ നിനക്കധീനമാണ്.'

പീററർ മഹാൻ പിറേറദിവസംതന്നെ തൻെറ പ്രേ

മഭാജനമായ പത്നിയെ സപരിവാരം തലസ്ഥാനത്തിലേക്കയക്കയും, മാരിസംബന്ധ് നിരോധം അവസാനിച്ച ശേഷം താനും രാജധാനിയിലെത്തി വിധിപ്രകാരം അവളെ വിവാഹം ചെയ്കയുംചെയ്തു.

അഞ്ചാം അദ്ധ്യായം.

റഷ്യാസാമ്രാജ്യം ഭരിച്ചുവന്നിരുന്ന സാവ്വഭൌമന്മാരിൽ വെച്ചു അഗ്രഗണ്യനായ പീററർ ഒന്നാമൻ മഹാൻ എന്ന ബിരുദിനു സവ്വപ്രകാരേണയും അഹനായിരുന്നു. ഉജ്ജ്വലമായബുദ്ധിവികാസംകൊണ്ടും അപ്രതിഹതമായ രണനൈപുണ്യംകൊണ്ടും അന്യഹൃദയത്തിൽ ലയിച്ചിരിക്കുന്ന വിശിഷ്ടഗുണങ്ങളെ ആരാഞ്ഞറിയുന്നതിനുള്ള പ്രത്യേകസാമത്ഥ്യംകൊണ്ടും തൻെറ സമാനകാലികന്മാരായ സകല യോഗ്യന്മാരിലും വെച്ചു പ്രഥമസ്ഥാനത്തെ അലങ്കരിച്ചിരുന്ന അദ്ദേഹം മൂത്തിമത്തായിരുന്ന സൌന്ദയ്യംപോലെ കോമളനായിരുന്നുവെന്നു പറഞ്ഞാൽ അദ്ദേഹം ഏതു പ്രകാരത്തിലുള്ള ഒരാളായിരുന്നുവെന്നു വായനക്കാർതന്നെ ഊഹിച്ചുകൊള്ളുമല്ലോ. ജൂലിയസ്സ് സീസർ, അലക്സാണ്ഡർ മുതലായി അപൂവ്വം ചില മഹാന്മാർ പ്രാചീനകാലങ്ങളിലും, നെപ്പോളിയൻ ബോനപ്പാർട്ടു മുതലായി ചില മഹാശയന്മാർ അവ്വാചീനകാലങ്ങളിലും അദ്ദേഹത്തേക്കാൾ യോഗ്യന്മാരായിട്ടുണ്ടായിട്ടുണ്ടെന്നു വരികിലും, അദ്ദേഹത്തിൻെറ കാലത്തു അതുപോലെ രാജ്യഭരണതന്ത്രവൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവരായി വേറെ ആരുംതന്നെ ഉണ്ടായിട്ടില്ല.

പീററുടെ ബാല്യകാലത്തിൽത്തന്നെ അദ്ദേഹത്തിന്റെ അന്യാദൃശമായ മനസ്സംസ്കാരത്തെ അന്നു ചക്രവർത്തിയായിരുന്ന പിതാവു അഭിനന്ദിച്ചിരുന്നതായി പലക്ഷ്യങ്ങളുമുണ്ട്. അദ്ദേഹത്തിന്റെ നവയൌവനാരംഭത്തിൽ വൃദ്ധനായ പിതാവു പുത്രനെ വിളിച്ചു ഇങ്ങിനെ പറഞ്ഞു:—

'കുഞ്ഞേ! നിനക്കു വയസ്സിരുപതോളമായിരിക്കുന്നു. ഇനി നീ വിവാഹം ചെയ്യണം. നിനക്കനുരൂപയും സുന്ദരിയുമായ ഒരു രാജകുമാരിയെ ഞാൻ കണ്ടുവച്ചിട്ടുണ്ട്. എനിക്കു വയസ്സുമായി. നിനക്കൊരു ശിശുവുണ്ടായിക്കണ്ടതിനുശേഷം മരിച്ചാൽ കൊള്ളാമെന്നാണെന്റെ ആഗ്രഹം.'

പീററർ — വിവാഹം ചെയ്യുന്നതിലെനിക്കു വിരോധമില്ല. അച്ഛന്റെ ഇഷ്ടത്തെ സാധിപ്പിച്ചാൽ കൊള്ളാമെന്നാഗ്രഹവുമുണ്ട്. സുശീലയെന്ന് എനിക്കു ബോദ്ധ്യംവരാതെ ഞാനെങ്ങിനെയാണൊരു സ്ത്രീയെ സ്വീകരിക്കേണ്ടത്? എന്നു തന്നെയല്ല, എനിക്കു അതിനുള്ള പ്രായവുമായിട്ടില്ലല്ലോ.

പിതാവു — പിന്നെയെന്നു വിവാഹം ചെയ്യാമെന്നാണ് നീ വിചാരിച്ചിരിക്കുന്നത്?

പീററർ — പറയാം. സൌന്ദര്യത്തിനു സ്ത്രീകളുടെ അലങ്കാരങ്ങളിൽ ഒരു ഗണ്യമായ പ്രാധാന്യമുണ്ടെങ്കിലും അതിനെ സർവ്വോത്തരമായ ഭൂഷണമായി ഞാൻ വിചാരിക്കുന്നില്ല. അവൾക്കു രൂപഗുണമുണ്ടായിരിക്കേണ്ടത് ആവശ്യം തന്നെ. പക്ഷെ, അതിനെക്കാളാവശ്യം സൌശീല്യമാണെന്നാണ് എന്റെ പക്ഷം. അതുകൊ

ണ്ടു സൽഗുണസംപൂൎണ്ണയെന്നു എനിക്കു അനുഭവംകൊണ്ടു ബോദ്ധ്യപ്പെട്ടിട്ടുള്ള ഒരു സ്ത്രീയെ മാത്രമേ ഞാൻ വരിക്കയുള്ളൂ.

പിതാവു ഈ വാക്കുകേട്ടു വളരെ സന്തോഷിച്ചു പുത്രന്റെ മനോരഥത്തിനു കാലവിളംബംകൂടാതെ സാഫല്യമുണ്ടാകുമെന്നു പറഞ്ഞു അദ്ദേഹത്തെ അനുഗ്രഹിച്ചു.

1689-ൽ പീററർ ചക്രവൎത്തിയായശേഷം തന്റെ സാമ്രാജ്യത്തെ നിസ്തുല്യമായ നൈപുണ്യത്തോടെ ഭരിക്കയും അതിന്റെ വിസ്താരം അഭൂതപൂൎവ്വമായ വിധത്തിൽ വൎദ്ധിപ്പിക്കയും ചെയ്തു. മാറിൻബെൎഗ്ഗിൽവെച്ചു തനിക്കു അനുരൂപമായ ഒരു പത്നിയെക്കൂടി ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാഗ്യലക്ഷ്മി മനുഷ്യസാധാരണമല്ലാത്തവിധത്തിൽ ഉയൎന്നു. സ്ത്രീകളുടെ സ്വഭാവം ഇന്നപ്രകാരത്തിലെന്നു നിൎണ്ണയിക്കുവാൻ നിവൃത്തിയില്ലാത്തതാണ്. ചില സ്ത്രീകൾ ഉൽകൎഷാഭിലാഷംകൊണ്ടു വാസ്തവത്തിലുള്ള മനോഗതത്തെ മറച്ച് ആഭിജാത്യംകൊണ്ടും സമ്പത്തുകൊണ്ടും ഉൽകൃഷ്ടന്മാരായ പുരുഷന്മാരിൽ അനുരാഗമുണ്ടെന്നു നടിച്ച് അവരെ വഞ്ചിക്കുന്നു. മററു ചിലർ അല്പമായങ്കുരിച്ചിട്ടുള്ള അനുരാഗത്തെ മുഖസ്തുതിയെന്ന ഭൂതക്കണ്ണാടിയിൽക്കൂടി ശതഗുണമാക്കിക്കാണിച്ചു തങ്ങളുടെ നിരപരാധികളായ കാമുകന്മാരെ വശീകരിക്കുന്നു. ഇതു പുരുഷന്മാൎക്കും സ്ത്രീകൾക്കും ഒരുപോലെ തന്നെയുള്ള കുററമാണെങ്കിലും പാശ്ചാത്യരാജ്യങ്ങളിൽ പുരുഷന്മാരിലുള്ളതിലധികം സ്ത്രീകളിലാണ് കാണപ്പെടുന്നത്. പീററരുടെ മഹിഷിയായ ക്ഷണത്തിൽ അവൾ പരിചാരക

അയച്ചു സ്ലാറൻസ്കിയേയും അലക്സിനയേയും

ന്മാരെ 4

കൊട്ടാരത്തിൽ വരുത്തിക്കൊണ്ടകയും സമീപത്തിലുള്ള ഒ രു വിശിഷ്ടസൌധം അവരുടെ വാസത്തിനായി ഒഴിഞ്ഞു കൊടുക്കുകയും ചെയ്തു. പക്ഷെ സ്കാറൻസ്കിക്ക മകളുടെ അഭ്യുദയമോൽ്ധികം കാലം സന്തോഷിക്കുവാൻ കഴി ഞ്ഞില്ല. വെടികൊണ്ടുണ്ടായ വ്രണം ഉണങ്ങിയെങ്കിലും വാദ്ധ്ക്യംകൊണ്ടു സ്വതേ തളൎന്നിരുന്ന ദേഹത്തിനു രക്ത ക്ഷയം നിമിത്തമുണ്ടായ ക്ഷീണം മാറാതെയിരിക്കയും ക്ര മേണ അതു വൎദ്ധിച്ചു നാലഞ്ചുമാസങ്ങൾക്കകം ആ സാ ധുവൃദ്ധൻ ചരമഗതിയെ പ്രാപിക്കയും ചെയ്തു.

കാതറൈൻ പിതാവിൻെറ ശവശരീരം യഥോചി തമായ ആഘോഷത്തോടുകൂടി മറവുചെയ്യിക്കയും കഴി ച്ചിട്ടുന്ന സമയം വ്യസനസൂചകമായ വേഷത്തിൽ സ്വ യം സന്നിഹിതയായിരിക്കയും ചെയ്തു. പാതിരിയെക്കാൾ ഒന്നോ രണ്ടോ വയസ്സുമാത്രം കുറവായിരുന്ന അലക്സി നയും അത്രയുംതന്നെ പ്രായമുണ്ടായിരുന്ന ഫ്റഡറിക്ക യും താമസമെന്നിയെ അദ്ദേഹത്തെ അനുഗമിച്ചു. ചക്രവ ൎത്തിക്കു, കാതറൈനെ വരിച്ചതു കേവലം ആലോചനയി ല്ലാത്ത ഒരു പ്രവൃത്തിയല്ലായിരുന്നുവെന്നു ആയിടയിൽ ബോദ്ധ്യപ്പെട്ടു. ഭർത്തൃശുശ്രൂഷയിലുള്ള ശ്രദ്ധ, ജനങ്ങളു ടെ പേരിലുള്ള വാത്സല്യം, കുഡുംബകാൎയ്യങ്ങൾ നോക്കു ന്നതിലുള്ള നിഷ്കൎഷ, അസത്യവാദത്തിലുള്ള വൈമുഖ്യം എന്നുവേണ്ട ഒരു ചക്രവൎത്തിനിക്കെന്തെല്ലാം യോഗ്യതക ളുണ്ടാകാമോ അതിലെല്ലാം കാതറൈൻ അദ്വിതീയയാ യിരുന്നു. ചില യുദ്ധങ്ങളിൽ നിശ്ശേഷം ഭയമില്ലാതെ മു ന്നണിയിൽനിന്നു റഷ്യൻഭടന്മാരെ ഉത്സാഹിപ്പിക്കുന്ന തിനും അവൾ ഉദ്യമിച്ചിരുന്നു. ആകപ്പാടെ പീററൎക്കും

രാജ്യവാസികൾക്കും അവൾ കണ്ണിലുണ്ണിയായിരുന്നുവെന്നു പറഞ്ഞാൽ മതിയല്ലോ.

മാറിൻബെർഗ്ഗിൽവച്ചു ശിശുവായിരുന്ന തന്നെ പാതിരി രക്ഷിച്ച ദിവസം ആ സ്ഥലത്തിനടുത്തുള്ള പുഴയിൽ ഒരു മൃതദേഹം കണ്ടുകിട്ടിയെന്നും അതിനെ ആവരണം ചെയ്തിരുന്ന ഉടുപ്പിൽനിന്നു കിട്ടിയ ഒരു എഴുത്തു സ്റ്റാറൻസ്കി സൂക്ഷിച്ചുവെച്ചിരുന്നു എന്നും മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ആ എഴുത്തു പാതിരിയുടെ മരണശേഷം കാതറൈൻ കൊട്ടാരത്തിൽ വരുത്തി സൂക്ഷിച്ചു. എന്നാൽ അതുകൊണ്ടു വല്ല പ്രയോജനവുമുണ്ടാകുമെന്നോ അതിൽ പ്രസ്താവിച്ചിട്ടുള്ള കുട്ടികൾ ആരാണെന്നു എന്നെങ്കിലും വെളിപ്പെടുമെന്നോ കാതറൈൻ ആശിച്ചിരുന്നില്ല. പക്ഷെ ദൈവഗത്യാ അതു വെളിപ്പെടുന്നതിനു ഒരിക്കൽ ഇടയായി.

1719-ൽ ചക്രവർത്തിനിയുടെ മുപ്പതാമത്തെ തിരുനാൾ ആണ്ടുതോറും പതിവുള്ളതുപോലെ ആഘോഷിക്കപ്പെട്ടു. ജന്മദിവസം നിശ്ചയമില്ലാഞ്ഞതിനാൽ പാതിരി അവളെ എടുത്തുവളർത്തിയ ദിവസമായിരുന്നു ജന്മനാളായി ഗണിക്കപ്പെട്ടിരുന്നത്.

അന്നു ചക്രവർത്തി അവൾക്കു എന്തെങ്കിലും വിലപിടിച്ച ഒരു സമ്മാനം കൊടുക്കുക പതിവുണ്ടായിരുന്നു. ഇത്തവണ ആ ആവശ്യത്തിലേക്കു പീററർ വെനിസുദേശത്തിൽനിന്നു അവിടുത്തെ ഒരു പ്രസിദ്ധചിത്രകാരനാൽ എഴുതപ്പെട്ട ന്യൂറു പടങ്ങൾ വരുത്തി. അവയിലൊന്നു ചക്രവർത്തിനിയുടെ നേത്രങ്ങളെ ബലമായാകർഷിച്ചു. അതു

ജനറാൽ മാററർണിക് എന്ന വെനിഷ്യൻ സേനാധിപൻെറ ഛായയായിരുന്നു. അയാളുടെ സ്വന്തപേരു ആൻഡ്റ എന്നായിരുന്നു. ചിത്രത്തിൽ കാണപ്പെട്ട മുഖത്തിനു കാതറൈൻെറ മുഖത്തോടു അസാധാരണസാദൃശ്യം തോന്നുകയാൽ പീററർ അതു പലരേയും കാണിച്ചുനോക്കി. എല്ലാവരും അദ്ദേഹത്തിൻെറ അഭിപ്രായത്തോടു യോജിച്ചു.

കാതറൈൻ ആ പടം കണ്ടപ്പോഠം തൻെറ കൈവശമുണ്ടായിരുന്ന പട്ടിൽ എഴുതിയിരുന്ന 'ഏ. എം.' എന്ന അക്ഷരങ്ങഠം ഓർമ്മിച്ചു. യൂറോപ്യൻ രാജ്യങ്ങളിൽ പിതൃപുത്രന്മാൎക്കു ഒരു പേർ ഇടുന്നതു അപൂൎവ്വമല്ലായ്കയാൽ സേനാനിയുടെ പിതാവു, ആൻഡ്റ മാററർണിക്, എന്നൊരാളാണെന്നും അയാളുടെ പേരാണു് തൻെറ പട്ടിൽ എഴുതിയിരുന്നതെന്നും, അവഠം ഊഹിച്ചു. രാജധാനിക്കു സമീപം താമസിച്ചിരുന്ന വെനിസിലെ രാജപ്രതിനിധിയോടു മാററർണിക്കിൻെറ വംശത്തെപ്പററി ചോദിച്ചതിൽ അദ്ദേഹത്തിനു പൂൎവ്വകഥയൊന്നുമില്ലെന്നും, മാതാപിതാക്കന്മാർ ആരാണെന്നു ആൎക്കും നിശ്ചയമില്ലെന്നും വയസ്സു മുപ്പതോളമായിട്ടുണ്ടെന്നും അറിഞ്ഞു. ഉടൻ തന്നെ ചക്രവൎത്തി തിരുവെഴുത്തയച്ചു മാററർണിക്കിനെ സ്വന്തം അതിഥിയുടെ നിലയിൽ കൊട്ടാരത്തിൽ വരുത്തി ചോദിച്ചതിനുത്തരമായി, താൻ ലിത്വാനിയായിലെ ആൻഡ്റ മാററർണിക് എന്നു പേരായ ഒരു ഭടൻെറ മകനാണെന്നും തനിക്കു ആറുമാസം മാത്രം പ്രായമുള്ളപ്പോഠംതന്നെ വെനിസിൽ ഒരു ബന്ധുവിൻെറ പക്കൽ ഏല്പിച്ചുംവച്ചു പിതാവു പോളൻഡിൽ യുദ്ധത്തി

ന്നു പോകയും തൻെറ സമപ്രായമായ സഹോദരിയെക്കൂടെ കൊണ്ടുപോകയും ചെയ്തുവെന്നും പിന്നിട്ടുള്ള വൎത്തമാനമൊന്നും തനിക്കറിവില്ലെന്നും അയാൾ പറഞ്ഞു. ഈ വസ്തുതതന്നെ മാററർണിക്കിനു മനസ്സിലായതു വെനിസിൽ പാൎത്തിരുന്ന ബന്ധുക്കളിൽനിന്നാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

പടം കണ്ടപ്പോൾ മാററർണിക്കിനും കാതറൈനും തമ്മിലുണ്ടെന്നു തോന്നിയ സാദൃശ്യം കേവലം ശങ്കമാത്രമല്ലെന്നു അതിഥിയെ കണ്ടപ്പോൾത്തന്നെ ചക്രവൎത്തിക്കു ബോദ്ധ്യപ്പെട്ടിരുന്നു. ഇപ്പോൾ ആ നിശ്ചയം നിശ്ചലമായ വിധത്തിൽ ഉറച്ചു.

മാററർണിക്കിൻെറ പിതാവു പോളൻഡിൽവെച്ചു ചെടിയോറ യുദ്ധംചെയ്യാൻ നിവൃത്തിയില്ലാതെയായപ്പോൾ സ്വദേശത്തിലേക്കു മടങ്ങിപ്പോകാനുദ്യമിക്കയും രക്തക്ഷയംകൊണ്ടും ആഹാരക്കുറവുകൊണ്ടും ക്ഷീണിച്ചു വഴിക്കുവച്ചു മരിക്കയും ചെയ്തതാണെന്നും ആ ഭടൻതന്നെയാണ്. മുപ്പതുകൊല്ലം മുമ്പു മാറിൻബെൎഗ്ഗിൽ മൃതനായികാണപ്പെട്ടതെന്നും ചക്രവൎത്തി അഭിപ്രായപ്പെട്ടു. മാററർണിക്കു തൻെറ സഹോദരനാണെന്നു നിശ്ചയം വന്നപ്പോൾ, കാതറൈനുണ്ടായ ആനന്ദാതിശയം അവൎണ്ണനീയമാണ്. അവർ അവരുടെ 'കഴിഞ്ഞകഥ'കളെപ്പററി തമ്മിൽ സല്ലാപം ചെയ്തുതന്നെ അന്നത്തെ പകൽ കഴിച്ചുകൂട്ടി. പിറേറദിവസം രാവിലേ സപരിവാരയായ ചക്രവൎത്തിനിയും സഹോദരനും മാറിൻബെൎഗ്ഗിലേക്കു പോകുകയും അവിടത്തെ പള്ളിയിൽ ചെന്നു പിതാവി

ൻെറ ശരീരം നിക്ഷേപിച്ച സ്ഥലത്തു മുട്ടുകുത്തി വളരെ നേരം പ്രാൎത്ഥിക്കയും ചെയ്തു. അവിടെ ഒരു ശില സ്ഥാപിച്ചു അതിൻമേൽ 'ആൻഡ് റെമാറർണിക്കു, റഷ്യാചക്രവൎത്തിനിയായ കാതറൈൻെറ പിതാവു' എന്നു വിചിത്രാക്ഷരങ്ങളിൽ കൊത്തിച്ചശേഷം അവർ രാജധാനിയിലെയ്ക്കു മടങ്ങി. പീററർമഹാൻ ജനറൽ മാററർണിക്കിനു ഒരു പ്രഭുസ്ഥാനം കൊടുക്കുകയാൽ അയാൾ തൻെറ ഭാൎയ്യയെ വെനിസിൽനിന്നു റഷ്യയിൽ കൂട്ടിക്കൊണ്ടുവരികയും സ്ഥിരതാമസം കൊട്ടാരത്തിനു സമീപത്തിലാക്കുകയും ചെയ്തു. കാതറൈനും മാററർണിക്കും ഇരട്ടപെററുണ്ടായ കുട്ടികളായിരുന്നതിനാൽ അവരുടെ ജന്മദിവസം ഒന്നുതന്നെയാണെന്നു സ്പഷ്ടമാണല്ലൊ. മാററർണിക്കു തൻെറ പിറന്നാൾ ഏപ്രിൽ ഇരുപത്തി ഏഴാം തിയ്യതിയാണെന്നു ബന്ധുമുഖത്തിൽനിന്നറിഞ്ഞിരുന്നു. അതുകൊണ്ടു 1720-ാമാണ്ടു മുതൽ കാതറൈൻെറ തിരുനാൾ ആഘോഷവും ആ തിയ്യതിയിലേക്കു മാററി. ചക്രവൎത്തിയുടെ മരണംവരെ മാററർണിക്കു പ്രഭുതന്നെയായിരുന്നു, റഷ്യൻസേനാധിപത്യം വഹിച്ചത്. തൻെറ പ്രിയസഹോദരി മരിച്ചപ്പോൾ ഐഹികസുഖങ്ങളിൽ വിരക്തനായിത്തീൎന്നു പ്രഭു ദൂരദേശസഞ്ചാരം ചെയ്തുവെന്നും അതിൽപ്പിന്നീടു തിരികെ റഷ്യയിൽ ചെന്നിട്ടില്ലെന്നുമാണു ഐതിഹ്യം.

1725-ൽ പീററർമഹാൻ മരിച്ചു. പിന്നീടു സന്താനമില്ലാതെയിരുന്നതിനാൽ കാതറൈൻ രാജ്യഭാരം കയ്യേററു. ചക്രവൎത്തിനീപദത്തെ അലങ്കരിച്ചതുമുതൽ അവൾ പിതാവിൻെറ ഉപദേശവാക്യത്തെ പദംപ്രതിയനുസരി

ച്ചാണ് ജീവിതം നയിച്ചത്. തന്റെ ഉന്നതിയോർത്തു അഹങ്കാരമോ തന്നെക്കാൾ താഴ്ന്നവരിൽ പുച്ഛമോ അവൾക്കുണ്ടായിരുന്നില്ല. സമസ്തസൃഷ്ടികളിൽ—വിശേഷിച്ചു ദരിദ്രന്മാരിൽ—അവൾ കാണിച്ചിരുന്ന അനുകമ്പ അന്യാദൃശമായിരുന്നു. വസ്ത്രാഡംബരത്തിലും ആഭരണകാര്യത്തിലും അവൾക്കു അനാശാസ്യമായ ആസക്തിയുണ്ടായിരുന്നില്ല. പരോപകാരമല്ലാതെ അവൾ ചെയ്തിരുന്നില്ല. അസത്യം കേൾക്കുന്നതുതന്നെ അവൾക്കു ശല്യമായിരുന്നു. അവൾ മുഖം കറുത്ത ഒരു വാക്കുപോലും ഒരുത്തരോടും പറഞ്ഞിട്ടില്ലെന്നു പ്രസിദ്ധമാണ്. ചക്രവർത്തി മരിച്ചശേഷം ഭർത്തൃവിയോഗത്താലും പുത്രാഭാവത്താലും അവൾ വളരെ ദുഃഖിച്ചുവെങ്കിലും അതു രാജ്യകാര്യങ്ങളിൽ നോട്ടക്കുറവിന്നു കാരണമായില്ല.

പ്രജകൾക്കെല്ലാം പ്രീതികരമായ വിധത്തിലായിരുന്നു അവളുടെ രാജ്യഭരണം.

കാതറൈൻ സ്ത്രീസഹജമല്ലാത്തവിധത്തിലുള്ള പൌരുഷത്തോടും ഊർജ്ജിതത്തോടുംകൂടി രണ്ടരക്കൊല്ലത്തോളം പ്രജാരക്ഷണം ചെയ്തശേഷം 1727-ൽ തന്റെ മുപ്പത്തിയെട്ടാം വയസ്സിൽ റഷ്യാനിവാസികൾക്കു ഏററവും സന്താപകരമായ അകാലമരണത്തെ പ്രാപിച്ചു.

B101

17 DEC 1942
MUL
041947